# "S. H. LEAGUE"

നമ്പർ ൧൭൯.] ഫെബ്രുവരി [൧൯൩൦.

# മാർപ്പാപ്പായുടെ പരമാധികാരവും

## യാക്കോബായ സഭാറിക്കാർട്ടുകളും.



*"Jubilee Memorial Press"*
*Mangalapuzha Seminary*
*ALWAYE*

RAM
J 71
M 35
ARY

AR J 71 / M135

# മാപ്പാപ്പായുടെ

# പരമാധികാരവും

## യാക്കോബായസഭാറിക്കാർട്ടുകളും*

## I

### യാക്കോബായസഭ

#### ഉത്ഭവം.

ക്രിസ്ത്വബ്ദം ൪൫൧-ൽ കൽക്കദോനിയായിൽ സമ്മേളിച്ച സാർവത്രികസൂനഹദോസിൽവച്ച ഏകസ്വഭാവവാദമെന്ന വേദവിപരീതോപദേശം കാരണത്താൽ ക്രൈസ്തവസഭയിൽനിന്നും ബഹിഷ്കരിക്കപ്പെട്ട അലക്സന്ത്രിയായിലെ ദിയസ്ക്കോറോസു പാത്രിയർക്കീസ്, എവുത്തിക്കൂസ്, എന്നിവരുടെ പിൻഗാമിയായ യാക്കോബ് ബുർദാനയാൽ ആരംഭിക്കപ്പെട്ടതാണ് "യാക്കോബായസഭ"യെന്നുള്ളത് ക്രൈസ്തവസഭാചരിത്രത്തിൽ തെളിഞ്ഞു കിടക്കുന്ന ഒരു വാസ്തവമത്രെ. സത്യോപദേശങ്ങൾക്കെതിരായി പഠിപ്പിക്കുന്നവരെ സഭയിൽനിന്നും ബഹി

---

* മനസ്സാക്ഷിയുടെ പ്രേരണയ്ക്കധീനനായി "പ്രത്യക്ഷപത്രം" ആദിയായ ഏതാനും ചെറുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുകയും പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ച ഈ അടുത്തകാലത്തു കത്തോലിക്കാ സഭയെ ആശ്ലേഷിക്കുകയും ചെയ്തശേഷം ഈ സെമ്മിനാരിയിൽ ഇപ്പോൾ വൈദികവിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്ന റവ. തോമസ് ഇഞ്ചയ്ക്കലോടി അവർകൾ എഴുതിയ ലഘുകൃതിയത്രെ ഇപ്രാവശ്യം ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്. സത്യാന്വേഷികളായ യാക്കോബായസഹോദരരുടെ ഗാഢമായ ചിന്തയ്ക്ക് ഇതു വിഷയീഭവിക്കുമെന്നും, തദ്വാരാ, തങ്ങളുടെ സഭാ റിക്കാർട്ടുകളിൽനിന്നും സ്പഷ്ടമായിത്തെളിയുന്ന "മാപ്പാപ്പായുടെ പരമാധികാര"ത്തെ സ്വീകരിക്കുവാൻ അവർ സന്നദ്ധരാകുമെന്നും ഞങ്ങൾ വിശ്വസിക്കുന്നു. (പത്രാധിപർ)

DHARMARAM COLLEGE LIBRARY
Ac. No. 41134
Call No. 



ഷ്കരിക്കുന്നതിന് മിശിഹായാൽ ദത്തമായിരിക്കുന്ന പരിപൂർണ്ണാധികാരം പ്രയോഗിച്ചുകൊണ്ടാണ് ഓരോ കാലത്തും ദുരുപദേശകൎത്താക്കളെ ക്രൈസ്തവസഭ നിഷ്കാസനം ചെയ്തിട്ടുള്ളത്. ഇപ്രകാരം സഭാഭ്രഷ്ടരായവർ സത്യസഭയോടെതിൎത്ത് ഓരോരോസംഘടനകൾ രൂപവൽക്കരിച്ചിട്ടുള്ളവ ക്രൈസ്തവമെന്നോ ക്രൈസ്തവസഭാശാഖകളെന്നോ വിശ്വസിക്കുന്നതിനു ഏകസത്യസഭയിൽ വിശ്വസിക്കുന്ന യാതൊരു ക്രൈസ്തവനും സാധിക്കുന്നതല്ല. സഭാബഹിഷ്കൃതരായിട്ടുള്ള ദുരുപദേശകൎത്താക്കൾ തങ്ങളെ മുടക്കിയ സാർവത്രികസൂനഹദോസ് പ്രമാദത്തിലായിപ്പോയെന്നും, അതിനുമുമ്പു നടന്നിട്ടുള്ള സൂനഹദോസുകൾ സാൎവത്രികങ്ങളാണെന്നും, അവയിൽവച്ചു മുടക്കപ്പെട്ടിട്ടുള്ളവർ യഥാൎത്ഥത്തിൽ ശപിക്കപ്പെട്ടവരാണെന്നും നിൎവിശങ്കം വാദിച്ചുവരുന്നു.

പ്രഥമസൂനഹദോസിൽവച്ചു മുടക്കപ്പെട്ട ആരിയോസും അനുയായികളും അതിനുമുമ്പു യാതൊരു പൊതുസൂനഹദോസും നടത്തപ്പെട്ടിട്ടില്ലാത്തതിനാൽ ഒരു സൂനഹദോസിനേയും സ്വീകരിക്കുന്നില്ല. ദ്വിതീയസൂനഹദോസിനാൽ ബഹിഷ്കരിക്കപ്പെട്ട മക്കദോനിയസും അനുചരന്മാരും നിക്യാസൂനഹദോസിനെ സ്വീകരിക്കുകയും ആരിയോസിനെ ശപിക്കപ്പെട്ടവനായി കരുതുകയും തങ്ങളെ മുടക്കിയ കുസ്തന്തിനോപ്പോലീസിലെ സൂനഹദോസിനെ നിഷേധിക്കുകയും ചെയ്യുന്നു. തൃതീയസൂനഹദോസായ എപ്പേസോസ് സൂനഹദോസിൽവച്ചു മുടക്കപ്പെട്ട നെസ്തോറാകട്ടെ മുൻനടന്ന രണ്ടു സൂനഹദോസുകൾമാത്രം സ്വീകരിക്കുകയും എപ്പേസോസ് സൂനഹദോസിനെ നിഷേധിക്കുകയും ചെയ്യുന്നു. നാലാംസൂനഹദോസിനാൽ ബഹിഷ്കരിക്കപ്പെട്ട ദിയസ്കോറസ് പാത്രിയാർക്കീസും പിൻഗാമികളും തങ്ങളുടെ പൂൎവ്വന്മാരെ അനുകരിച്ച് മൂന്നു സൂനഹദോസുകളെ സാൎവത്രികസൂനഹദോസുകളായിപ്പരിഗണിക്കുകയും അവയിൽവച്ചു യഥാക്രമം മുടക്കപ്പെട്ടിട്ടുള്ള ആരിയോസ്, മക്കദോനിയസ്, നെസ്തോർ എന്നിവരെ ശപിക്കുകയും തങ്ങളെ മുടക്കിയ കൽക്കദോനിയാ സൂനഹദോസിനെ പാടേ നിഷേധിക്കുകയും ചെയ്യുന്നു. സാൎവത്രികസഭയിൽ

നിന്നു ബഹിഷ്കരിക്കപ്പെട്ടിട്ടുള്ള എല്ലാ ഇടത്തുട്ടുകാരുടേയും ശിഷ്യക്കാരുടേയും സ്ഥിതി ഇതിൽനിന്നു ഒട്ടുംതന്നെ വ്യത്യസ്തമല്ല. ഇക്കഴിഞ്ഞ വത്തിക്കാൻസൂന്നഹദോസിനാൽ ബഹിഷ്കൃതരായ "പൂർവ്വകത്തോലിക്ക"രാകട്ടെ പത്തൊമ്പതു സൂന്നഹദോസുകളെ സ്വീകരിക്കുകയും വത്തിക്കാൻ സൂന്നഹദോസിനെമാത്രം നിഷേധിക്കുകയും ചെയ്യുന്നു. ഒന്നെങ്കിൽ തിരുസ്സഭയ്ക്കു ദുരുപദേഷ്ടാക്കളെ മുടക്കുവാൻ അധികാരമില്ലെന്നും; ഇതേവരെയുള്ള മുടക്കുകളെല്ലാം അധികാരമില്ലാത്ത പ്രവൃത്തികളാകയാൽ അസാധുവാണെന്നും തന്മൂലം തങ്ങൾക്കു ലഭിച്ച മുടക്കു യഥാർത്ഥമായ മുടക്കല്ലെന്നും വാദിക്കണം. അല്ലെങ്കിൽ, സഭയ്ക്കു മുടക്കുവാൻ അധികാരമുണ്ടെന്നും, ഇതഃപര്യന്തം നടന്നിട്ടുള്ള സർവ്വമുടക്കുകളും സാധുവാണെന്നും, തന്മൂലം തങ്ങളുടെ മുടക്കു ശരിയായിട്ടുള്ളതാണെന്നും, തങ്ങൾ സത്യസഭാശരീരത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടവരാണെന്നും സമ്മതിക്കണം. ഇതത്രെ യുക്തിയുക്തവും ഉത്തമവുമായ നില. പ്രത്യുത, ഏതാനും മുടക്കുകൾമാത്രം സാധുവാണെന്നും മററു ചില മുടക്കുകൾ അസാധുവാണെന്നും ശഠിക്കുന്നതു് അവരവരുടെ തെററായ നിലയെ നീതികരിക്കുന്നതിനല്ലാതെ മറെറാന്നിനുമല്ല. സത്യസഭയ്ക്കു വ്യാജോപദേഷ്ടാക്കളെ ബഹിഷ്കരിക്കുന്നതിനു അധികാരമില്ലെന്നു വാദിക്കുവാൻ യാക്കോബായസഭയ്ക്കു ഒരുപ്രകാരവും സാധിക്കുന്നതല്ല. "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു, നിങ്ങളെ നിഷേധിക്കുന്നവൻ എന്നെ നിഷേധിക്കുന്നു"; "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടും;" "സഭയെ കേൾക്കാത്തവൻ നിങ്ങൾക്കു അജ്ഞാനിയേയും ചുങ്കക്കാരനേയുംപോലെ ആയിരിക്കട്ടെ" ഇത്യാദി മിശിഹായുടെ കല്പനകളാൽ സഭയിൽനിന്നു് ബഹിഷ്കരിക്കുന്നതിനു സഭാതലവന്മാർക്കു പരിപൂർണ്ണാധികാരമുണ്ടെന്നു സ്പഷ്ടമായി തെളിയുന്നു. വി. കുർബ്ബാനയുടെ ആരംഭത്തിൽ യാക്കോബായസഭയിൽ ഉപയോഗിക്കുന്ന ഗീതങ്ങളിലൊന്നു ഇപ്രകാരമാണു്.

"പൌലൂസ്ശ്ലീഹാധന്യൻ-ചൊൽകേട്ടനിതേവം
നിങ്ങളെ ഞങ്ങളറിച്ചതൊഴി-
ച്ചിങ്ങൊരുവൻ വന്നറിയിച്ചാൽ
വാനവനെങ്കിലുമത്തു തൻ
താനേല്ക്കും സഭയിൽ ശാപം"

സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരുന്ന ഒരു ദൈവദൂതൻതന്നെയായിരുന്നാലും ദുരുപദേശം പഠിപ്പിക്കുന്നപക്ഷം അവനെ ശപിക്കുന്നതിനുള്ള അധികാരം സഭയ്ക്കുണ്ടെന്നുള്ള പൌലൂസ് അപ്പസ്തോലന്റെ വചനങ്ങളത്രെ ഈ ഗീതത്തിൽ ചേർത്തിരിക്കുന്നതു്. മുടക്കുന്നതിനു സഭയ്ക്കുള്ള അധികാരത്തെസ്സംബന്ധിച്ചുള്ള യാക്കോബായപഠനം പ്രസ്തുതസഭയുടെ "മതോപദേശ"ത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. "സത്യവിശ്വാസത്തിനെതിരാളികളായി കാണപ്പെടുകയൊ, സഭയിൽ വിരുദ്ധതയുണ്ടാക്കുകയോ, സഭയുടെ നിശ്ചയങ്ങളേയും തങ്ങളുടെ മേലധികാരികളുടെ കല്പനകളേയും അനുസരിക്കാതെയിരിക്കുകയോ ചെയ്യുന്നവരെ സഭയിൽനിന്നു തിരിച്ചു ഭ്രഷ്ടാക്കുവാൻ സഭയ്ക്കും സഭയുടെ ഭരണക്കാർക്കും അധികാരമുണ്ടു്. സഭയിൽനിന്നും ഭ്രഷ്ടാക്കപ്പെടുന്നവരെ സത്യമുള്ള അനുതാപത്താൽ തിരികെ കൈക്കൊള്ളുന്നതുവരെ വിശ്വാസത്തിന് അന്യന്മാരെന്നപോലെ വിചാരിപ്പാനുള്ളതുമാകുന്നു" (പുറം ൬൨). സഭയ്ക്കു മുടക്കുവാൻ അധികാരമില്ലെങ്കിൽ ആരിയോസ്, മക്കദോനിയോസ്, നെസ്തോർ എന്നിവരേയും അവരുടെ അനുയായികളേയും യാക്കോബ്യർ ശപിക്കുന്നതു് അബദ്ധമാണെന്നു വന്നുകൂടുന്നു. തന്നെയുമല്ല, സത്യസഭയിൽനിന്നു മുടക്കപ്പെട്ടിട്ടുള്ള എല്ലാ അകത്തോലിക്കാസഭകളേയും അനുകരിച്ചു യാക്കോബായസഭയും അനേകരെ തങ്ങളുടെ സഭയിൽനിന്നും ബഹിഷ്കൃതരാക്കിയിട്ടുണ്ടു്. സഭയ്ക്കു മുടക്കുന്നതിനുള്ള അധികാരം മിശിഹാ പ്രദാനം ചെയ്തിട്ടില്ലെങ്കിൽ ഈ മുടക്കുകളൊന്നുംതന്നെ സാധുവല്ലെന്നും തങ്ങളുടെ മുടക്കുകളെല്ലാം അധികാരമില്ലാത്ത പ്രവൃത്തികളാണെന്നും സമ്മതിക്കേണ്ടതായി

വന്നുകൂട്ടും. അതുകൊണ്ടു ക്രൈസ്തവസഭാധികാരികൾക്കു മുടക്കു
വാൻ പരിപൂൎണ്ണാധികാരമുണ്ടെന്നുള്ളതു യാക്കോബായസഭാംഗ
ങ്ങൾക്കു നിഷേധിപ്പാൻ നിവൃത്തിയില്ലെന്നു തെളിയുന്നു. അപ്ര
കാരമെങ്കിൽ യാക്കോബായസഭ മുടക്കപ്പെട്ടിട്ടുണ്ടോ എന്നാണ്
അടുത്ത പ്രശ്നം. കൽക്കദോനിയാ സാവ്ത്രികസൂനഹദോസി
നാൽ മുടക്കപ്പെട്ടിട്ടുള്ളവനാണു ദിയസ്കോറെന്നും അയാളുടെ അ
നുഗാമികളാണു തങ്ങളെന്നുമുള്ള ചരിത്രവാസ്തവത്തെ സഭാചരി
ത്രമറിയാവുന്ന യാതൊരു യാക്കോബ്യനും നിഷേധിക്കാവുന്നതല്ല.
പാത്രിയർക്കീസന്മാർ മെത്രാന്മാരാദിയായ ൬൩൦-ൽപ്പരം പിതാ
ക്കന്മാരാൽ മുടക്കപ്പെട്ട ദിയസ്കോറസിനെ യാക്കോബ്യർ പരിശു
ദ്ധനായി ഗണിക്കയും പ്രസ്തുതസൂനഹദോസിനെ നിഷേധിക്കുക
യും ചെയ്യുന്നതു തങ്ങളെ മുടക്കിയെന്ന ഏക കാരണത്താലല്ലാതെ
മറ്റെന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ശിക്ഷിക്കപ്പെട്ടവർ
ശിക്ഷയെ നിഷേധിച്ചു പറഞ്ഞാൽ ശിക്ഷ അസാധുവായിത്തീരു
മെങ്കിൽ ലോകത്തിൽ യാതൊരുവിധത്തിലുമുള്ള ഭരണവും ശിക്ഷ
യും നടക്കയില്ലെന്നു മാത്രമല്ല അവസാനന്യായവിധിയിൽനിന്നു
പോലും സകല ദുഷ്ടാത്മാക്കൾക്കും തെറ്റിയൊഴിഞ്ഞു നരകം ഒ
രു വിജനപ്രദേശമാക്കിത്തീർക്കുന്നതിനു ഈ വാദം പൎയ്യാപ്തമാ
ക്കിത്തീർക്കാവുന്നതുമാണ്. അതുകൊണ്ടു യാക്കോബായസഭ സ
ത്യസഭയിൽനിന്നും ബഹിഷ്കരിക്കപ്പെട്ട ശീശ്മസഭയാണെന്നു നി
ഷ്പക്ഷവാദികളായ യാക്കോബായസഹോദരർ സശിരഃകമ്പം സമ്മ
തിക്കേണ്ടിയിരിക്കുന്നു. സഭയുടെ ഐക്യത്തിൽനിന്നു വിച്ഛേ
ദിക്കപ്പെടുന്നവരെപ്പറ്റി സഭാപിതാവായ വി. അഗസ്റ്റീനോസ്
പ്രസ്താവിക്കുന്നതു് ഇത്തരുണത്തിൽ സ്മൎത്തവ്യമത്രെ. "കത്തോലി
ക്കാസഭയിൽനിന്നു വേർപെടുന്നവൻ ആരായിരുന്നാലും, അവ
ന്റെ ജീവിതം എത്ര നല്ലതായിരുന്നാലും ശരി, അവൻ നിത്യര
ക്ഷ പ്രാപിക്കയില്ല. ഈശോമിശിഹായുടെ ഐക്യത്തിൽനിന്നും
അവൻ വിച്ഛേദിക്കപ്പെട്ടുപോയിയെന്നുള്ള ഏകകുറ്റത്താൽത്ത
ന്നെ ദൈവകോപം അവന്റെമേൽ ഉണ്ടാകും. തിരുസ്സഭയ്ക്കു കീ

ഴ്വഴങ്ങാതിരുന്ന അവന്റെ സുകൃതവും മര്യാദയും ശിഥിലവും നാശകരവുമായ ഒരു കപടഭക്തിയാണ്.”

## കേരളത്തിൽ.

പോർട്ടുഗീസു ഭരണത്തോടുണ്ടായ വിദ്വേഷംനിമിത്തം ക്രുദ്ധരായിത്തീർന്ന മലയാളത്തിലെ ക്രൈസ്തവരിൽ ഒരുകൂട്ടം ക്രിസ്തുവബ്ദം ൧൬൫൩-ൽ ചെയ്ത കുപ്രസിദ്ധമായ 'കൂനൻ കുരിശു സത്യ”ത്തിനുശേഷംമാത്രമാണ് യാക്കോബായ സഭ കേരളത്തിൽ പ്രവേശിച്ചതെന്നു കേരള ക്രൈസ്തവ സഭാചരിത്രം വിളിച്ചു പറയുന്നു. കൂനൻ കുരിശു സത്യത്തിനുമുമ്പ് മലങ്കര നസ്രാണികൾ പേർഷ്യൻ കത്തോലിക്ക മെത്രാന്മാർക്കും അവർവഴി ക്രൈസ്തവ സഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായിക്കും കീഴ്വഴങ്ങിയിരുന്നുവെന്നുള്ളത് അനിഷേദ്ധ്യങ്ങളായ ചരിത്ര സാക്ഷ്യങ്ങളാൽ തെളിയിച്ചു കഴിഞ്ഞിരിക്കുന്ന വാസ്തവമത്രേ. പതിനാറാം നൂററാണ്ടിനുമുമ്പ് മലങ്കര സഭയ്ക്ക് യാക്കോബായ സഭയോടോ അന്ത്യോക്യാ പാത്രിയർക്കീസിനോടോ യാതൊരു ബന്ധവുമില്ലായിരുന്നുവെന്നുള്ളതു അവിതർക്കിതമാണ്. കൂനൻ കുരിശു സത്യാനന്തരം സഭയിൽനിന്നും വിച്ഛേദിക്കപ്പെട്ട പുത്തൻകൂർവിഭാഗം ൧൨ പട്ടക്കാർ കൂടി വാഴിച്ച തങ്ങളുടെ അദ്ധ്യക്ഷൻ ശരിയായ സ്ഥാനിയല്ലെന്ന് ഗ്രഹിച്ചതിന്റെ ഫലമായി യഥാർത്ഥ കൈവെപ്പു ലഭിക്കുന്നതിന് പലസ്ഥലങ്ങളിലേയ്ക്കും എഴുത്തു കുത്തുകൾ ചെയ്തതു് യാക്കോബായ ബാന്ധവത്തിന് ഇടയാക്കിത്തീർത്തുവെന്നത്രേ ചരിത്രവാസ്തവം. ഇപ്രകാരം അന്ത്യോക്യാ യാക്കോബായ പാത്രിയർക്കീസിന്റെ ഭരണസീമയിൽപ്പെടുന്നതിന് നിർഭാഗ്യം ലഭിച്ച പുത്തൻകൂർ ജനങ്ങൾക്ക് പററിയ അബദ്ധം മനസ്സിലാക്കി സത്യതിരുസ്സഭയോട് പുനരൈക്യപ്പെടുന്നതിനു കഴിഞ്ഞ ഓരോരോ കാലങ്ങളിലും അശ്രാന്തം പരിശ്രമിച്ചു കൊണ്ടാണിരുന്നിട്ടുള്ളതു്. നാലാംമാർത്തോമ്മാ, മാർദിവന്ന്യാസ്യോസു പ്രഥമൻ, പുലിക്കോട്ട മാർ ദിവന്ന്യാസ്യോസ് എന്നീ വന്ദ്യതിരുമേനികളും അവരോടനുകൂലിച്ച് അനേകം യാക്കോബായ വൈദികന്മാരും

സമുദായപ്രമാണികളും പ്രസ്തുത പുനരൈക്യസാദ്ധ്യത്ഥം ചെയ്തി-
ട്ടുള്ള നിസ്തന്ദ്രപരിശ്രമങ്ങളും സഹിച്ചിട്ടുള്ള നിരവധി ക്ലേശ-
ങ്ങളും ആരാലും വിസ്മരിക്കുക സാദ്ധ്യമല്ല. പക്ഷേ സാഹചര്യ-
പ്രാതികൂല്യം ഹേതുവാൽ പ്രസ്തുതകാര്യസിദ്ധിക്കു കാലദൈർഘ്യം
നേരിടുകയും അതിനുവേണ്ടി തീവ്രമായി പ്രതീക്ഷിച്ചുകൊണ്ടിരു-
ന്ന അനേകമഹാത്മാക്കൾ നിരാശാഭരിതരായി കാലയവനികകളു-
ള്ളിൽ മറയുകയുമാണ് ചെയ്തിട്ടുള്ളത്. ദൈവകൃപയാൽ ഈ അ-
ടുത്തകാലത്ത് യാക്കോബായസഭയിലേ പൂർവ്വികന്മാർ ആശി-
ച്ചിരുന്ന ആ മഹത്കാര്യം സ്വന്തം റീത്തും സ്വന്തം ഭരണവും
അനുവദിച്ചുകൊണ്ടുള്ള ബഹുമതിയുടെ പുനരൈക്യപ്രസ്ഥാനത്തോ-
ടുകൂടി നിറവേറുകതന്നെ ചെയ്തു. മാർ ഈവാനിയോസ്, മാർ
തിയോഫിലോസ് എന്നീ അഭിവന്ദ്യതിരുമേനിമാരെ അനുഗമിച്ചു
അനവധി വൈദികപ്രമുഖരും അൽമായപണ്ഡിതവര്യന്മാരും
തങ്ങളുടെ പിതാക്കന്മാരുടെ പ്രതീക്ഷയെ പൂർത്തീകരിക്കുന്നതി-
നായി തിരുസ്സഭാമാതാവുമായി പുനരൈക്യപ്പെട്ടുകഴിഞ്ഞു. ഈ
ചുരുങ്ങിയകാലംകൊണ്ട് പതിനായിരത്തോളം സത്യാന്വേഷിക-
ളായ യാക്കോബായ സഭാംഗങ്ങൾ മിശിഹായുടെ തിരുശ്ശരീരമാ-
കുന്ന ആ സത്യസഭാതൊഴുത്തിൽ പ്രവേശിച്ചു ആത്മീയാനന്ദം
അനുഭവിച്ചു തുടങ്ങിയിരിക്കുന്നു. വൈദേശികഭരണത്തോടുണ്ടായ
വിപ്രതിപത്തികൊണ്ടോ റീത്തുമാററത്തിലുണ്ടായ വൈമനസ്യം
മൂലമോ കൂനൻകുരിശുസത്യംചെയ്ത പിതാക്കന്മാരുടെ സന്താന-
ങ്ങൾ സ്വന്തംറീത്തും സ്വയംഭരണവും അവരുടെ ആഗ്രഹാനുസ-
രണം ലബ്ധമായിരിക്കുന്ന ഈ സുവർണ്ണാവസരം പാഴിലാക്കയില്ലെ-
ന്നാണ് അവരുടെ "മാംസത്തിൽനിന്ന് മാംസവും രക്തത്തിൽനി-
ന്ന് രക്തവുമായ" ഓരോകത്തോലിക്കന്റേയും പ്രതീക്ഷ. മിശിഹാ-
യാൽ സ്ഥാപിതമായതും കാതോലികത്വം, ശ്ലൈഹികത്വം, ഏക-
ത്വം, വിശുദ്ധത എന്നീ ചതുർലക്ഷണങ്ങളും ഒന്നുപോലെ യോ-
ജിക്കുന്നതുമായ സത്യതിരുസ്സഭയിൽ ഈ കേരളത്തിലേ എല്ലാ യാ-
ക്കോബായസഹോദരരും അഭയംപ്രാപിക്കുന്നതിനും അപ്രകാരം
"പിതാവേ, നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും

നമ്മിൽ ഒന്നായിരിക്കേണമേ" എന്നു് ഹൃദയം ഉരുകി പ്രാൎത്ഥിച്ച സത്യദൈവമായ മിശിഹായുടെ ശരീരത്തിലുണ്ടായ മുറിവിനെപ്പരിഹരിച്ചു തിരുസ്സഭാംഗങ്ങളാകുന്നതിനും സൎവ്വശക്തൻ സന്മനസ്സു് ഇവൎക്കു പ്രദാനം ചെയ്യട്ടെ! കൂനൻകുരിശിൽ കെട്ടിയ ഭിന്നിപ്പാകുന്ന ആലാത്തുകളിൽ കൈപിടിച്ച പിതാക്കന്മാരുടെ സന്തതികൾ, ഗോൽഗോത്താക്രൂശിൽ കെട്ടിയിരിക്കുന്ന ഐകമത്യവും സ്നേഹവുമാകുന്ന ആലാത്തുകളിന്മേൽ കൈപിടിച്ച "ഒരു കൎത്താവും ഒരു വിശ്വാസവും" എന്നു് ഏററു പറയട്ടേ! അങ്ങനെ "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സന്മനസ്സുള്ളവൎക്കു് സമാധാനവും" എന്ന വാനവഗാനം സന്തോഷസമേതം പാടുന്നതിനു ഈ സഹോദരൎക്കിടയായിത്തീരട്ടെ! "കണ്ടാലും സഹോദരർ ഒന്നിച്ചുവസിക്കുന്നതു എത്രയോ ആനന്ദകരം".

## ആധുനികസ്ഥിതി.

വിദേശത്തും സ്വദേശത്തുമുള്ള യാക്കോബായ സഭയുടെ ആധുനികനില ഏററവും പരിതാപകരമായ ഒന്നുതന്നെ യത്രെ. തായ്‌വൃക്ഷത്തിൽനിന്നും ഛേദിക്കപ്പെട്ട ശാഖ ക്രമേണ ശോഷിച്ചു് അവസാനം ഉണങ്ങിപ്പോകുന്നതായിട്ടാണല്ലോ സാധാരണമായി നാം പ്രകൃതിയിൽ കണ്ടുവരാറുള്ളതു്. ഇപ്രകാരംതന്നെ കത്തോലിക്കാസഭാതരുവിൽനിന്നും ഛേദിക്കപ്പെട്ടിട്ടുള്ള എല്ലാ അകത്തോലിക്കസഭാശാഖകളും പ്രാരംഭകാലങ്ങളിൽ അല്പം ചില ചൈതന്യലക്ഷണങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും പില്ക്കാലത്തു ക്ഷയോന്മുഖങ്ങളായി അവസാനം നാമാവശേഷമായി ലോകരംഗത്തിൽനിന്നും അന്തൎദ്ധാനം ചെയ്തതായിട്ടാണു് അതതുകളുടെ ചരിത്രം തെളിയിക്കുന്നതു്. "എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും. കൊമ്പിനു മുന്തിരിയിൽ വസിച്ചിട്ടല്ലാതെ തനിച്ചു ഫലം പുറപ്പെടുവിക്കുന്നതിനു കഴിയാത്തതുപോലെ എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴികയില്ല. ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ചില്ലികളുമാകുന്നു. ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ അവൻ വളരെ

ഫലം പുറപ്പെടുവിക്കും. എന്നെപ്പിരിഞ്ഞു നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല. എന്നിൽ വസിക്കാത്തവൻ ഒരു കൊമ്പു പോലെ പുറത്തു എറിയപ്പെട്ടു ഉണങ്ങിപ്പോകും. അവർ അവനെ കൂട്ടിച്ചേർത്തു അഗ്നിയിൽ ഇടുകയും അവൻ വെന്തുപോകയും ചെയ്യും. (യോഹ. ൧൫: ൪-൬) എന്നുള്ള സഭാസ്ഥാപകൻെറ കല്പനയനുസരിച്ചു യഥാൎത്ഥജീവനും പുരോഗതിയും പ്രാപിക്കണമെങ്കിൽ അവിടുത്തെ ശരീരമായ തിരുസ്സഭയോടു യോജിക്കാതെ സാധിക്കുന്നതല്ല. പ്രാരംഭകാലത്തു പതിനഞ്ചു ലക്ഷത്തോളം അംഗങ്ങളുണ്ടായിരുന്ന യാക്കോബായ സഭ ക്രമശഃ ശോഷിച്ചു ഇപ്പോൾ പരദേശത്തു അവിടവിടെയായി ചിതറിക്കിടക്കുന്ന ഇരുപതിനായിരവും മലങ്കരയിൽ നാലു ലക്ഷത്തോളവുമായിത്തീർന്നിരിക്കുന്നു. മലങ്കരയിലുള്ള യാക്കോബായസഭതന്നെ രണ്ടായിപ്പിരിഞ്ഞു അന്യോന്യമുള്ള കലഹവും വ്യവഹാരവുംകൊണ്ടു അശേഷം സമാധാനമില്ലാതെ നാശഗൎത്തത്തിലേക്കുതന്നെ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നു. സ്വൎഗ്ഗരാജ്യമായ തിരുസ്സഭ കടുകുമണിയെപ്പോലെ മുളച്ചു വളർന്നു വികസിച്ചു ലോകമെങ്ങും വ്യാപിക്കുമെന്നാണ് മിശിഹാ അരുളിച്ചെയ്തിരിക്കുന്നതു്. പ്രതിദിനമെന്നോണമുള്ള യാക്കോബായസഭയുടെ ശോഷണം പ്രസ്തുത സഭ മിശിഹായുടെ സഭയായ സ്വൎഗ്ഗരാജ്യമല്ലെന്നു സുസ്പഷ്ടം തെളിയിക്കുന്നു. പ്രത്യുത, പന്ത്രണ്ടു വ്യക്തികളിൽമാത്രം ആരംഭിച്ച കത്തോലിക്കാസഭയോ, ഓരോനൂററാണ്ടുകൾ കഴിയുന്തോറും പതിന്മടങ്ങു ശക്തി പ്രാപിച്ചു ഇപ്പോൾ ഭൂലോകമെങ്ങും വ്യാപിച്ചു വിവിധദേശക്കാരും, ഭാഷക്കാരും, ജാതിക്കാരുമായ നാല്പതുകോടി ജനങ്ങളുടെ അഭയസ്ഥാനമായിത്തീർന്നിരിക്കുന്നു. "എന്നോടുകൂടി കൂട്ടാത്തവൻ ചിതറിക്കുന്നു". എന്ന ക്രിസ്തുവിൻെറ വചനവും യാക്കോബായ സഭയിൽ അക്ഷരംപ്രതി നിറവേറിക്കൊണ്ടിരിക്കുന്നു. നവീകൃതർ, ആംഗ്ലേയസുറിയാനിക്കാർ, മെത്രാൻകക്ഷികൾ എന്നിങ്ങനെ ഒട്ടനേകം വിഭാഗങ്ങളായി ഇന്നാട്ടിലേ യാക്കോബായ സഭ പിരിഞ്ഞിരിക്കുന്നു. ഏകദേശം മുപ്പതു കൊ

ല്ലങ്ങളോളമായി ദ്വന്ദ്വയുദ്ധം നടത്തിക്കൊണ്ടുവന്ന മെത്രാൻ കക്ഷിയും പാത്രിയർക്കീസ് കക്ഷിയും തമ്മിൽ അടുത്ത കാലത്തു ചെയ്ത സന്ധിപരിശ്രമങ്ങളുടെ അവസാനരംഗവും പരാജയത്തിൽ കലാശിച്ചു. അതിനുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നവരെല്ലാം ഇതികർത്തവ്യതാമൂഢരായിത്തീർന്നിരിക്കുന്നു.

വൈദികാധികാരത്തോടുള്ള അനുസരണവും യാക്കോബായ സഭയിൽ പ്രതിദിനം കുറഞ്ഞുകൊണ്ടാണിരിക്കുന്നതു്. അൽമേനികളെ വൈദികരും, വൈദികരെ മെത്രാന്മാരും, മെത്രാന്മാരെ പാത്രിയാർക്കീസും അനുസരിക്കണമെന്ന വിധം അനുസരണയുടെ ഗതി ഏതാണ്ടു മറിഞ്ഞുവീണിട്ടുണ്ടെന്നുള്ളതിൽ തെല്ലും അതിശയോക്തിയില്ല. സമാധാനത്തിലും ഭക്തിയിലും ദൈവാരാധന നടത്തുവാൻ സാധിക്കാതെ പല ദേവാലയങ്ങളും പക്ഷികൾക്കും മൃഗങ്ങൾക്കുമായുള്ള വിഹാരസ്ഥാനങ്ങളായിച്ചമഞ്ഞിരിക്കുന്നു. തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന അജഗണങ്ങളെ സത്പഥത്തിൽക്കൂടി നയിച്ചു പുണ്യസോപാനത്തിലേക്കു അടുപ്പിക്കുന്നതിനുതക്ക അറിവും പ്രാപ്തിയും സൌകര്യവും ഇല്ലാതെ വൈദികർ വിഷമിക്കുന്നു. ഇതും ഇതുപോലെയുള്ള മറ്റനേക സംഗതികളും ആധുനിക യാക്കോബായ സഭയെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ഏതൊരുവന്റെയും കൺമുമ്പിൽ പ്രത്യക്ഷപ്പെടുന്ന ദയനീയ കാഴ്ചകൾ അത്രെ. സ്വസഭയുടെ പരിതാപകരമായ [illegible]യെപ്പറ്റി ഒരു യാക്കോബായ മെത്രാൻ എഴുതിയ എഴുത്തുക[illegible]ന്നും ഇവിടെ ഒരുഭാഗം ഉദ്ധരണീയമാണ്.

“നമ്മുടെ സഭയെപ്പറ്റി ഒരാശയും എന്റെ മനസ്സിലില്ല. ദൈവം നമ്മെ കൈവെടിഞ്ഞിരിക്കുന്നു. സംശയമില്ല. നമ്മുടെ പട്ടക്കാരേയും ജനങ്ങളേയും വിശ്വസിപ്പാൻ തരമില്ല.........നമ്മുടെ സഹായികൾ നമ്മുടെ ശത്രുക്കളാണ്”. അഹോ! യാക്കോബായ സഭയുടെ ആധുനിക സ്ഥിതി ദർശിച്ചതിന്റെ ഫലമായി അദ്ദേഹത്തിന്റെ ഹൃദയാന്തർഭാഗത്തിൽനിന്നും പുറപ്പെട്ടവചനങ്ങൾ ഓരോ യാക്കോബായന്റെയും ഗാഢമായ ചിന്തയ്ക്കു വിഷയമായിബ്ഭവിക്കേണ്ടതുതന്നെ

## വിശ്വാസനിഷേധങ്ങൾ.

പരിപാവനങ്ങളായ തങ്ങളുടെ പൂർവ്വവിശ്വാസങ്ങളിൽ നിന്നും വ്യതിചലിക്കാതിരുന്ന യാക്കോബായസഭാംഗങ്ങൾ ഈ അടുത്തകാലത്തു തങ്ങളുടെ വിശ്വാസസത്യങ്ങളിൽ പലതിനേയും പാടെ നിഷേധിച്ചു തുടങ്ങിയിരിക്കുന്നതത്രെ ഇതിലേറെ പരിതാപകരമായ കാര്യം. ലൗകികാദായം ഇച്ഛിച്ചുകൊണ്ടു ചെയ്തു പ്രോട്ടസ്റ്റന്റുസഭാസമ്പർക്കവും സഹോദരഭാവത്തിൽ നവീകരണ (മാർത്തോമ്മാ) സഭയോടു പ്രകടിപ്പിക്കുന്ന മൈത്രിയും, ബഥനിപ്രസ്ഥാനത്തോടുകൂടിയുണ്ടായ അനേകായിരം സത്യാന്വേഷികളുടെ മാനസാന്തര പ്രവാഹത്തിലുണ്ടായ ഭയവുമത്രേ ഇതിനുള്ള ത്രിവിധകാരണങ്ങൾ. വി. പത്രോസിന്റെ പരമാധികാരം, ദൈവമാതാവിന്റെ അമലോത്ഭവം, ശുദ്ധീകരണസ്ഥലാസ്തിക്യം, പരിശുദ്ധാത്മാവിന്റെ പുറപ്പാട്, ആദിയായ അനവധി വിശ്വാസസത്യങ്ങളാണ്, ആധുനിക യാക്കോബ്യരുടെ നിഷേധത്തിനു പാത്രമായിത്തീർന്നിരിക്കുന്നതു്. യഥാർത്ഥത്തിൽ മാർപ്പാപ്പായുടെ പരമാധികാരം ഒഴിച്ചുള്ള സകലസംഗതികളിലും യാക്കോബായസഭയും കത്തോലിക്കാസഭയും തമ്മിൽ വിശ്വാസത്തിൽ യാതൊരു വ്യത്യാസവുമില്ലെന്നു് യാക്കോബായസഭാവിശ്വാസങ്ങൾ ശരിയായി പഠിച്ചിട്ടുള്ളവർക്കു മനസ്സിലാക്കുവാൻ സാധിക്കും. ഏകസ്വഭാവവാദികളാലാണ് യാക്കോബായസഭ ആരംഭിക്കപ്പെട്ടതെങ്കിലും ആധുനികകാലത്തെ യാക്കോബ്യരിൽ ആരുംതന്നെ ഈ ഇടത്തൂട് സ്വീകരിക്കുന്നില്ല. തങ്ങളുടെസഭയെ ശീശ്മയിൽ നിന്നു ഇടത്തൂടിലേക്കു നയിക്കുകയാണു ഈ വിശ്വാസനിഷേധകർ ചെയ്യുന്നതു്. കത്തോലിക്കാസഭയും യാക്കോബായ സഭയുംതമ്മിൽ വിശ്വാസവിഷയങ്ങളിൽ ധ്രുവാന്തരം ഉണ്ടെന്നു സാധുക്കളായ സത്യാന്വേഷികളെ പറഞ്ഞുധരിപ്പിച്ചാൽ കത്തോലിക്കാസഭയിലേക്കുള്ള മാനസാന്തരപ്രവാഹത്തിന്റെ ശക്തിയെ അല്പം കുറയ്ക്കാമെന്നുള്ള ആശയാണ് യാ

ക്കോബായ സമുദായമേധാവികളേയും വൈദികാധികാരികളേയും ഈവ്വിധവിശ്വാസനിഷേധത്തിനു പ്രധാനമായി പ്രേരിപ്പിക്കുന്നതെന്നുള്ളതിനു തക്കമില്ല. "യാക്കോബായസഭയും മുഹമ്മദുമതവും തമ്മിൽ നാല്പത്തിമൂന്നു കുട്ടങ്ങളിൽ മാത്രമേ വ്യത്യാസമുള്ളൂ. എന്നാൽ കത്തോലിക്കാസഭയും യാക്കോബായ സഭയും തമ്മിൽ നൂററിനാല്പത്തിമൂന്നു കുട്ടങ്ങളിൽ വ്യത്യാസമുണ്ട്" എന്നും മററും ഈ അടുത്തകാലത്തു യാക്കോബായ മെത്രാന്മാർ പോലും പരസ്യമായി പ്രസംഗിച്ചു തുടങ്ങിയിരിക്കുന്നതും ഇത്തരുണത്തിൽ പ്രസ്താവ്യമത്രെ. പക്ഷേ ഇവകൊണ്ടൊന്നും സത്യാന്വേഷികളുടെ ഗതിയെത്തടയുന്നതിന്നു തങ്ങൾക്കു സാധ്യമല്ലെന്നു പ്രതിദിനമുള്ള അനുഭവം ഇവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു.

യാക്കോബായസഭാറിക്കാർട്ടുകളിൽ കരതലാമലകം പോലെ തെളിഞ്ഞുകാണാവുന്നതും യഥാർത്ഥ യാക്കോബ്യർക്ക് ഒരു കാലത്തും നിഷേധിക്കുവാൻ കഴിവില്ലാത്തതുമായ ക്രൈസ്തവ സത്യങ്ങളേയാണ് ഇവർ നിഷേധിച്ചു തുടങ്ങിയിരിക്കുന്നത്. തങ്ങളുടെ വിശ്വാസസത്യങ്ങൾ എന്തെന്ന് ഇതുവരെ പഠിച്ചിട്ടില്ലാത്തവരും, അഥവാ തങ്ങളുടെ റിക്കാർട്ടുകളെപ്പററി യാതൊരു ഗന്ധവുമില്ലാത്തവരും, അതുമല്ലെങ്കിൽ ഇവയെല്ലാം ഉണ്ടായിരുന്നാലും സമയവും സൌകര്യവും നോക്കിമനസ്സാക്ഷിയെ മറച്ചു വിശ്വാസത്തെ പരിത്യജിപ്പാൻ കൂസലില്ലാത്തവരും മാത്രമേ ഇപ്രകാരമുള്ള വിശ്വാസങ്ങളെ നിഷേധിപ്പാൻ മുതിരുകയുള്ളൂ. യാക്കോബായ സഭയിലേ കൂദാശക്രമങ്ങൾ, ആരാധനക്രമങ്ങൾ, നമസ്കാരക്രമങ്ങൾ, മേലദ്ധ്യക്ഷന്മാരാൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന ഇതര ഗ്രന്ഥങ്ങൾ എന്നിവയിൽ നിന്നും നിരവധി സാക്ഷ്യങ്ങൾ ഉദ്ധരിച്ചു ആധുനികയാക്കോബ്യരുടെ വിശ്വാസ നിഷേധങ്ങൾ മുൻപ്രസ്താവിച്ച കാരണങ്ങളാൽ മാത്രമാണെന്നും യഥാർത്ഥ യാക്കോബായ വിശ്വാസവും കത്തോലിക്കാ വിശ്വാസവുമായി പറയത്തക്ക വ്യത്യാസങ്ങൾ ഒന്നുമില്ലെന്നും നിഷ്പ്രയാസം തെളിയിക്കാവുന്നതാണ്. എന്നാൽ ഈ ലഘുകൃതികൊണ്ടു

യാക്കോബ്യരുടെ നിഷേധത്തിനു പാത്രീഭൂതമായിരിക്കുന്ന വി. പത്രോസിന്റെ പരമാധികാരം, റോമ്മാസിംഹാസനം, മാർപ്പാപ്പായുടെ പരമാധിപത്യം, എന്നിവകളിൽ യാക്കോബായസഭയുടെ നിലയെന്തെന്ന് യാക്കോബായ റിക്കാർട്ടുകൾ കൊണ്ടു തന്നെ തെളിയിക്കുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. യാക്കോബായ പണ്ഡിതന്മാരാൽ രചിക്കപ്പെട്ടതും, മേലദ്ധ്യക്ഷന്മാർ അംഗീകരിച്ചിട്ടുള്ളതും, യാതൊരുവിധത്തിലും അവർക്കു നിഷേധിക്കുവാൻ വഹിയാത്തതുമായ റിക്കാർട്ടുകളിൽ നിന്നും എടുത്ത തെളിവുകൾ മാത്രമാണ് സത്യാന്വേഷികളായ യാക്കോബ്യരുടെ ചിന്തക്കായി ഞാൻ സമർപ്പിക്കുന്നത്. യാക്കോബായ സഭയുടെ യഥാർത്ഥ വിശ്വാസം എന്താണെന്ന് അറിയണമെന്നു ആഗ്രഹിക്കുന്നവർ നിഷ്പക്ഷമനസ്സോടും സത്യാന്വേഷണ ബുദ്ധിയോടും കൂടിമാത്രം ഇതു വായിക്കണമെന്നത്രെ എന്റെ വിനീതമായ അപേക്ഷ.

# II

# വി. പത്രോസിന്റെ പരമാധികാരവും യാക്കോബായസഭാറിക്കാർട്ടുകളും.

മനുഷ്യകുലപരിത്രാണാൎത്ഥം നരാവതാരം ചെയ്ത സത്യദൈവമായ ഈശോമിശിഹാ ലോകത്തിൽ ഒരു ദൃശ്യമായ സഭയെ സ്ഥാപിച്ചു എന്ന സത്യത്തെ നിഷേധിക്കുന്നതിനു് വേദപുസ്തകത്തിന്റെ ദൈവപ്രേരിതത്വം വിശ്വസിക്കുന്ന യാതൊരു ക്രൈസ്തവനും സാധിക്കുന്നതല്ല. അത്രമേൽ പ്രസ്പഷ്ടങ്ങളും അനിഷേദ്ധ്യങ്ങളുമായ വേദവചനങ്ങളിന്മേലത്രേ ഈ പരമ സത്യം അടിയുറപ്പിച്ചിരിക്കുന്നതു്. ലോകത്തിലുള്ള ഏതൊരു മാനുഷിക സംഘടനയ്ക്കും അതിന്റെ ശാശ്വതമായ നിലനില്പിനും അഭിവൃദ്ധിയ്ക്കും ഒരു പരമാധികാരി അത്യന്താപേക്ഷിതമായിരിക്കുന്നതു കൊണ്ടു് ദൃശ്യമായ തന്റെ സഭയ്ക്കും ഒരു ദൃശ്യനായ പരമാധികാരി അവശ്യാവശ്യമാണെന്നു് സിദ്ധിക്കുന്നു. ആയതിനാൽ മിശിഹാ തന്റെ ദ്വാദശ ശിഷ്യന്മാരിൽ ഒരുവനായ വി. പത്രോസിനെ തിരുസ്സഭയുടെ അടിസ്ഥാനമായും; താക്കോൽക്കാരനായും, ഇടയനായും, ശ്ലീഹന്മാരുടെ തലവനായും, സഭയുടെ പരമാധികാരിയായും നിയമിച്ചു. ഈ സത്യത്തെ അത്രേ കത്തോലിക്കാസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതു്. പൂൎവ്വിക ക്രൈസ്തവപിതാക്കന്മാരേവരും വി. പത്രോസു് ക്രൈസ്തവസഭയുടെ പ്രഥമ പരമാധികാരിയായിരുന്നു എന്നു് ഐകകണ്ഠ്യേന സമ്മതിക്കുകയും ഈ സത്യത്തെ ക്രോഡീകരിച്ചു് ദീൎഘമായി പ്രതിപാദിക്കയും ചെയ്തിട്ടുണ്ടു്.

എന്നാൽ പതിനാറാം നൂററാണ്ടിൽ ക്രൈസ്തവ സഭയിൽനിന്നു് ഭേദിക്കപ്പെട്ടവരും കത്തോലിക്കാവിശ്വാസങ്ങൾക്കു് എതിരുപഠിപ്പിക്കണമെന്നു വ്രതമെടുത്തവരുമായ പ്രോട്ടസ്റ്റന്റു സഭാംഗങ്ങളാണു് ഈ സത്യത്തെ പ്രധാനമായി നിഷേധിച്ചുതുട

ങ്ങിയത്. ശ്ലീഹന്മാരെക്കാൾ യാതൊരു വിശേഷാധികാരവും മിശിഹാ പത്രോസിന് പ്രദാനം ചെയ്തിട്ടില്ലെന്നും, ശ്ലീഹന്മാർ എല്ലാവരും അധികാരത്തിൽ സമന്മാരാണെന്നുമുള്ള പ്രോട്ടസ്റ്റൻറു വാദം വേദപുസ്തകത്തിനും ക്രൈസ്തവസഭയുടെ പാരമ്പര്യങ്ങൾക്കും കടകവിരുദ്ധമാണെന്നുള്ളതിന് സന്ദേഹമില്ല. പ്രോട്ടസ്റ്റൻറുകാരെ സകല വിധത്തിലും അനുകരിക്കുന്ന ഈ നാട്ടിലെ നവീകൃതരും ഈ ഉപദേശം സ്വീകരിച്ചു പരസ്യമായി പ്രസംഗിക്കുകയും പഠിപ്പിക്കയും ചെയ്തുവരുന്നു. എന്നാൽ യാക്കോബായസഭാംഗങ്ങൾ ഈ അടുത്തകാലത്തുമാത്രമാണ് ഈ അബദ്ധോപദേശം സമ്മതിച്ച് തങ്ങളുടെ സകല റിക്കാർട്ടുകൾക്കും എതിരായി അതിനെ പ്രസംഗവേദികളിലും പ്രസിദ്ധീകരണങ്ങളിലും പ്രകടിപ്പിച്ചുതുടങ്ങിയത്. യാക്കോബ്യാക്ക് ഒരു പ്രകാരവും നിഷേധിക്കുന്നതിന് നിവൃത്തിയില്ലാത്തതും അവരുടെ റിക്കാർട്ടുകളിൽ തെളിഞ്ഞു കിടക്കുന്നതുമായ ഈ സത്യത്തെ പാടെ നിഷേധിക്കുതിന് വൈദികരെന്നല്ല വൈദിക മേലദ്ധ്യക്ഷന്മാർപോലും സന്നദ്ധരായിക്കാണപ്പെടുന്നത് അത്ഭുതാവഹം തന്നെ. വി. പത്രോസിൻെറ പരമാധികാരത്തെ തെളിയിക്കുന്ന യാക്കോബ്യരുടെ നിരവധി റിക്കാർട്ടുകളാണ് ഞാൻ ഇവിടെ ഹാജരാക്കുന്നതിന് ഉദ്ദേശിക്കുന്നത്. ഇവയിൽ ഒന്നുപോലും നിഷേധിക്കുന്നതിനു യാക്കോബ്യാക്ക് സാധിക്കുന്നതല്ലെന്നു ഞാൻ ഉറപ്പു പറയുന്നു.

## സഭയുടെ അടിസ്ഥാനം.

"ബർയോനാ ശിമോനേ, നീ ഭാഗ്യവാൻ. ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ എൻെറ പിതാവത്രെ ഇതു നിനക്ക് വെളിപ്പെടുത്തിയത്. ഞാൻ നിന്നോടുപറയുന്നു: നീ പത്രോസാകുന്നു. ഈ പാറമേൽ ഞാൻ എൻെറ സഭയെപ്പണിയും. നരകവാതിലുകൾ അതിനെ ജയിക്കയില്ല." (മത്തായി. ൧൬- ൧൭- ൧൮.)

നാരകീയശക്തികളോടു ധീരധീരം പോരാടി വിജയശ്രീലാളിതയായി ലോകാവസാനത്തോളം പരിലസിക്കേണ്ട തിരുസ്സഭയാകുന്ന ആ മഹാസൗധത്തെ അചഞ്ചലമായ ഒരടിസ്ഥാനത്തിന്മേൽ മിശിഹാ സ്ഥാപിച്ചു. ഘോരമാരിചൊരിഞ്ഞാലും, ഭയ

ങ്കരമായ ഓളങ്ങളടിച്ചാലും, ശക്തിയായ കാററു് ഊതിയാലും അണുമാത്രം ഇളകാത്തവിധത്തിൽ സുസ്ഥിരമായ പാറമേൽമാത്രമേ ബുദ്ധിമാനായ മനുഷ്യൻ തൻെറ ഭവനത്തെ പണികയുള്ളുവെന്നാണല്ലോ മിശിഹാ അരുളിച്ചെയ്തിരിക്കുന്നതു്. ആ സ്ഥിതിക്കു് ബുദ്ധിയുടെ ഇരിപ്പിടവും ഉറവയും ആയിരിക്കുന്ന അവിടുന്നു് പ്രതികൂലശക്തികൾക്കു് അശേഷം കീഴ്പെടാതെ ഭൂലോകമെങ്ങും വ്യാപിക്കേണ്ട ആ ദിവ്യഭവനത്തെ ഇളകാത്ത പാറമേൽത്തന്നെ ഉറപ്പിക്കുമെന്നതു് നിസ്തർക്കമാണല്ലോ. വി. പത്രോസിനെയാണു മിശിഹാ തൻെറ സഭയുടെ അടിസ്ഥാനമാക്കിയതു് എന്നത്രെ കത്തോലിക്കാസഭയുടെ പ്രബോധനം. വിശുദ്ധ പത്രോസിനു പാറയെന്ന നാമം അവിടുന്നു് പ്രദാനംചെയ്കയും തൻെറസഭയുടെ അടിസ്ഥാനമാക്കിയപ്പോൾ ആ നാമത്തെ അന്വർത്ഥമാക്കുകയുംചെയ്തു. ക്രൈസ്തവസഭാപിതാക്കന്മാരെല്ലാം ഈ സത്യത്തെ വിശ്വസിച്ചിരുന്നവരായിരുന്നു. കത്തോലിക്കാസഭയിൽനിന്നും ഭേദിക്കപ്പെട്ടിട്ടുള്ള പൂർവ്വികസഭകളുടെ സകലറിക്കാർട്ടുകളിലും ഈ സത്യം തെളിഞ്ഞുപ്രകാശിക്കുന്നു. കത്തോലിക്കാമതദ്വേഷികളായ പ്രോട്ടസ്റ്റൻറുകാരുടെ ഉത്ഭവത്തിനുമുമ്പു് ക്രൈസ്തവസഭയിൽ ഇതിനെപ്പററി ഒരു തർക്കംപോലും ഉത്ഭവിച്ചിട്ടില്ല. "ഇതെൻെറ ശരീരമാകുന്നു" എന്ന മിശിഹായുടെ സുസ്പഷ്ടമായ വചനത്തിനുപോലും ഇരുനൂറിൽപരം വ്യാഖ്യാനങ്ങൾ നൽകുന്നതിനു് മടിക്കാത്ത പ്രോട്ടസ്റ്റൻറു സഹോദരന്മാർക്കു് "ഈ പാറമേൽ ഞാൻ എൻെറ സഭയെപ്പണിയും" എന്ന വാക്യത്തിനു് ത്രിവിധ വ്യാഖ്യാനങ്ങൾ മാത്രമേ ഇതഃപര്യന്തം നൽകുന്നതിനു് സാധിച്ചിട്ടുള്ളു. "ഈ പാറ" എന്നു ക്രിസ്തു പ്രയോഗിച്ചതു്; തന്നെ ഉദ്ദേശിച്ചാണെന്നും, അതല്ല, പത്രോസിൻെറ വിശ്വാസത്തെ ഉദ്ദേശിച്ചാണെന്നും, അതുമല്ല, പത്രോസ് ഏററുപറഞ്ഞ വിശ്വാസത്തെ സൂചിപ്പിച്ചാണെന്നുമത്രെ ഇവർ വ്യാഖ്യാനിക്കുന്നതു്. എന്നാൽ യാക്കോബായസഭാവിശ്വാസം ഇതൊന്നുമല്ലെന്നും, പ്രത്യുത, വി. പത്രോസിന്മേൽ മാത്രമാണു് ക്രി

സ്തു തന്റെ സഭയെ പണിതിരിക്കുന്നതെന്നും താഴെച്ചേർക്കുന്ന രേഖകൾ സ്പഷ്ടമായി തെളിയിക്കുന്നു.

൧) യാക്കോബായ കാനോനാനമസ്കാരത്തിൽ "ബ്ശേത്തേസെക്ക് ഈദ്ത്താ" ഇത്യാദിഗാനത്തിൽ "ഹേ, സഭയെ, നിന്റെ അടിസ്ഥാനം കൊല്ലപ്പെട്ടവനും എറിയപ്പെട്ടവനുമായ ശിമയോൻ ആകുന്നു". (ശ്ലുബഹോനമസ്കാരം. പുറം. ൧൪൦.) എന്നു കാണുന്നു.

൨) "അൽതറ ഐക് ഈദത്തോ" ഇത്യാദി ഗീതത്തിൽ ഇപ്രകാരം കാണുന്നു: "തിരുസ്സഭയേ, നിന്റെ വാതുക്കൽ കാവൽക്കാർ നില്ക്കുന്നു. രാത്രിയും പകലും ദുഷ്ടനിൽനിന്നും അതിനെ കാക്കുന്നു. ശിമയോനാണ് അതിന്റെ അടിസ്ഥാനം. പൌലോസാണ് അതിന്റെ ശില്പി. യോഹന്നാൻ അതിന്റെ തോഴ്മാവും സഖാവുമാണ് (ശ്ലുബഹോ നമസ്കാരം. പുറം. ൧൭൧).

൩) കാനോൻ നമസ്കാരത്തിൽ ശനിയാഴ്ച രാത്രിയിലെ രണ്ടാം കൌമായിലുള്ളതും, മെത്രാന്മാരുടെ എഴുന്നെള്ളത്തുസമയത്തും കൈമുത്തുസമയത്തും ഉപയോഗിക്കുന്നതുമായ "അൽശിമയോൻ കീപ്പോ" ആദിയായ സുറിയാനിഗീതം. "ശിമയോൻപാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നു. എഴുപത്തിരണ്ട് അറിയിപ്പുകാർ എന്റെ തൂണുകളാകുന്നു." (ശ്ലുബഹോനമസ്കാരം പുറം. ൧൬൬. വലിയസുറിയാനി കുർബ്ബാനക്രമം. പുറം ൧൦൨).

൪) ബുധനാഴ്ച പ്രഭാതപ്രാർത്ഥനയിൽ "തോബശിലോ റൊയൊശാറീറോ" എന്നഗീതത്തിൽ സഭയുടെ അടിസ്ഥാനം പത്രോസെന്ന പാറമേലാണെന്ന് സ്പഷ്ടമായി പറഞ്ഞിരിക്കുന്നു. (ശ്ഹീമാ നമസ്കാരം. പുറം. ൨൫൨)

൫) "അൽഹോയ് കീപ്പൊ ദ് ബസ് ശിമയോൻ റീശ് തൽമീദേ" എന്നസുറിയാനി ഗാനത്തിൽ തിരുസ്സഭ താഴെക്കാണുന്നവിധം പ്രശംസിക്കുന്നു. "ശിഷ്യന്മാരുടെ തലവനായ ശിമയോൻപാറമേൽ ഞാൻ പണിയപ്പെട്ടിരിക്കുന്നതിനാൽ ഞാൻ ഭയപ്പെടുകയില്ല. ശപിക്കപ്പെട്ടവനായ നെസ്തോറിനോട്ട് ഞാൻ യുദ്ധംചെയ്തു. അവൻ വീണുപോകയാണ് ചെയ്തത്" (ശ്ലുബഹോ നമസ്കാരം പുറം. ൧൭൪.- ശ്ഹീമാ പുറം ൪൩൪).

൬) കാനോൻനമസ്കാരത്തിൽ വ്യാഴാഴ്ച രാത്രി രണ്ടാം കൌമായിലുള്ള "ശിമയോൻ കീപ്പാ ആതേനബ് യാമൊ" ആദിയായ ഗീതം "ശിമയോൻ കീപ്പോ കടലിൽ മീൻപിടിച്ചുകൊണ്ടിരുന്നു. അവന്റെ നാഥൻ അവനെ വിളിച്ച്, അവനോടരുളിചെയ്തു. ശെമയോനേ, നീ പോകുക. മനുഷ്യരെ ജീവകാലമുള്ള് വിശിയടുക്കുന്നതിനുള്ള രഹസ്യത്തിന്റെ വലയെ ഞാൻ

ന്നിനക്കു നൽകുന്നു. ശിമയോനേ നിന്റെമേൽ ഞാൻ എന്റെ പള്ളിയെ പണിയും. പാതാളവാതിലുകൾ അതിനെ ജയിക്കയില്ല. (ശ്ഹീമാ നമസ്കാരം പുറം. 314).

7) പെങ്കീസാ നമസ്കാരക്രമത്തിൽ പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ പെരുന്നാൾ ദിവസത്തേയ്ക്കുള്ള പ്രാർത്ഥനയിൽ "ശ്ലീഹന്മാരുടെ ഗണത്തിന്റെ തലവനും വി. സഭയുടെ അടിസ്ഥാനവുമായ ശിമയോൻ കീപ്പോ"യെന്നുകാണുന്നു.

8) യാക്കോബായ കുർബ്ബാനക്രമത്തിൽ "അൽശിമയാൻ കീപ്പോ മോറാൻ ഈത്തോബ്നോ" ആദിയായ ഗാനം.

"നമ്മുടെ കർത്താവു തിരുസ്സഭയെ ശിമയോൻ കീപ്പാമേൽ പണിതു. എഴുപത്തിരണ്ടു തൂണുകളിന്മേൽ അതിനെയുറപ്പിച്ചു. അതു കർദ്ദുമലായെക്കാളും ഉന്നതവും ശ്രേഷ്ഠവുമാകുന്നു…….. തിരുസ്സഭയെപ്പണിയുകയും ബലിപീഠം സ്ഥാപിക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു. (വലിയസുറിയാനി കുർബ്ബാനക്രമം പുറം. 146).

വി. പത്രോസാകുന്ന പാറമേലാണു് സഭ പണിയപ്പെട്ടിരിക്കുന്നതെന്നും, പത്രോസിന്റെ വിശ്വാസത്തിന്മേലോ, അഥവാ, പത്രോസ് ഏറ്റുപറഞ്ഞ വിശ്വാസത്തിന്മേലോ ആണെന്നുള്ള പ്രൊട്ടസ്റ്റന്റു വാദമല്ല യാക്കോബായസഭയ്ക്കുള്ളതെന്നും ഞാൻ മുകളിൽ ഉദ്ധരിച്ച ഓരോ രേഖയും സ്പഷ്ടമായി തെളിയിക്കുന്നു. ഇതിനെതിരായി ഒരൊററ രേഖപോലും തങ്ങളുടെ റിക്കാർട്ടുകളിൽനിന്നു കാണിക്കുന്നതിനു യാക്കോബ്യർക്കു സാധിക്കുന്നതല്ല. അതിനാൽ സഭയുടെ അടിസ്ഥാനമാകുന്ന പത്രോസിനെ പ്രതിഷേധിക്കുന്ന ആധുനികയാക്കോബായ സഭാവാദം തങ്ങളുടെ റിക്കാർട്ടുകൾക്കു എതിരാണെന്നു സ്പഷ്ടം. പത്രോസാകുന്ന അചഞ്ചലമായ അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കാതെ അനുസരണക്കേടാകുന്ന മണലിന്മേൽ പണിതിരിക്കുന്ന യാക്കോബായസഭ പ്രതികൂലതിരകളിൽക്കിടന്നുഴലുകയും പ്രതിദിനമെന്നോണം ശോഷിച്ചു വരുകയും ചെയ്യാതെ ഗത്യന്തരമില്ലല്ലോ. അതിനാൽ തങ്ങളുടെ റിക്കാർട്ടുകളിൽ പ്രസ്പഷ്ടമായി ഉറപ്പിച്ചിരിക്കുന്ന ഈ സത്യത്തെ യഥാർത്ഥയാക്കോബ്യർ സ്വീകരിക്കുകയും, പത്രോസാകുന്ന അടിസ്ഥാനത്തിൽ

നിന്നും വ്യതിചലിച്ചിരിക്കുന്ന തങ്ങളുടെ സഭയെ ആ ഇളകാത്ത അടിസ്ഥാനത്തിന്മേൽ ഉറപ്പിക്കയും, അങ്ങനെ നാരകീയ ശക്തികൾ പ്രബലപ്പെടാത്ത സുരക്ഷിതമായ സങ്കേതത്തിൽ അഭയം പ്രാപിക്കയും ചെയ്യട്ടെ!

## സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽക്കാരൻ.

"സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടും. നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടും" (മത്തായി ൧൬. ൧൯).

സ്വർഗ്ഗരാജ്യമാകുന്ന തിരുസ്സഭയുടെ താക്കോൽ ഇതരശ്ലീഹന്മാർക്കാർക്കുംതന്നെ കൊടുക്കാതെ വി. പത്രോസിനുമാത്രം കൊടുക്കുന്നതായിട്ടത്രെ ഇവിടെ കാണുന്നതു്. ഒരു ഭവനത്തിന്റെയോ കോട്ടവാതിലിന്റെയോ താക്കോൽ ആരെ ഏല്പിച്ചിരിക്കുന്നുവോ ആ ആളായിരിക്കും പ്രസ്തുതഭവനത്തിന്റെയും കോട്ടയുടേയും പരമാധികാരിയെന്നുള്ളതു നിസ്തർക്കമാണല്ലോ. ഇതുപോലെയുള്ള പരമാധികാരമാണു വിശുദ്ധ പത്രോസിനു് തിരുസ്സഭയുടെ താക്കോൽ കൊടുത്തതിനാൽ മിശിഹാ പ്രദാനം ചെയ്തതു്. കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം എല്ലാ ശ്ലീഹന്മാർക്കും പൊതുവെ കൊടുത്തിട്ടുള്ളതിനാൽ ആ സ്ഥാനത്തിൽ വി. പത്രോസിനു സമാധികാരം മാത്രമേ ലഭിക്കുന്നുള്ളു. എന്നാൽ അതുകൂടാതെ വി. പത്രോസിനു തനിച്ചു ഈ പ്രത്യേകാധികാരം കൊടുക്കുകയാൽ മറ്റു ശ്ലീഹന്മാരെല്ലാവരേയും കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള പരമാധികാരം പത്രോസിനു ലഭിച്ചുവെന്നു് സിദ്ധിക്കുന്നു. ആസ്ഥിതിക്കു സഭയുടെ പരമാധികാരിയായി വി. പത്രോസിനെയാണു മിശിഹാ നിയമിച്ചിരിക്കുന്നതു എന്നത്രെ കത്തോലിക്കർ വാദിക്കുന്നതു്. വേദാനുസരണമായുള്ള ഈ ഉപദേശത്തെയും പ്രോട്ടസ്റ്റന്റുകാർ നിഷേധിക്കുകയും വി. പത്രോസിനു വിശേഷാൽ യാതൊരധികാരവും സിദ്ധിച്ചിട്ടില്ലെന്നു നിശ്ശങ്കം വാദിക്കുകയും ചെയ്യുന്നു. എന്നാൽ യാക്കോബായ സഹോദരന്മാർക്കു ഇവ

രോട്ട യാതൊരു പ്രകാരത്തിലും യോജിക്കുന്നതിനു നിവൃത്തിയില്ല. എന്തെന്നാൽ ഈ സത്യവും യാക്കോബായ റിക്കാട്ട്കൾ വിളിച്ചുപറയുന്നു. അവയിൽ ഏതാനുംമാത്രം താഴെച്ചേൎക്കുന്നു.

൧) സുറിയാനി പ്രാൎത്ഥനക്രമത്തിൽ കാദീശെ എന്ന ഭാഗത്തിലുള്ള "മൂശെ റീശെ ദാത്തിക്ഥോ" എന്ന ഗീതത്തിൽ താഴെ വരുന്ന പ്രകാരം കാണുന്നു: "മൂശ ന്യായപ്രമാണത്തിൻെറ കല്പലകകളെ കൈക്കൊണ്ടു. ശിമയോൻ സ്വൎഗ്ഗരാജ്യത്തിൻെറ താക്കോലുകളെ കൈക്കൊണ്ടു" (ശ്ഹീമാ നമസ്കാരം പുറം 116).

൨) യാക്കോബായ മേൽപ്പട്ടസ്ഥാനാഭിഷേകക്രമത്തിൽനിന്നും ഒരു ഭാഗം: "യൗനായുടെ പുത്രനായ ശിമയോൻ ഉയരത്തിൻേറയും ആഴത്തിൻേറയും താക്കോലുകളെ കൈക്കൊണ്ടപ്പോൾ ഇടയന്മാരുടെ തലവൻ അവനോട്ട് അരുളിച്ചെയ്തത് '.....(പുറം 21).

൩) യാക്കോബായ കാനോനാനമസ്കാരക്രമത്തിൽ ശനിയാഴ്ച മൂന്നാം മണി നേരത്തേയ്ക്കുള്ള പ്രാൎത്ഥനയിൽ വി. പത്രോസിനോട്ട താഴെ കാണുന്ന പ്രകാരം കൎത്താവു പറയുന്നതായിക്കാണുന്നു: "ഞാൻ നിന്നെ പ്രധാനാധികാരിയാക്കിയിരിക്കുന്നു. സ്വൎഗ്ഗത്തിൻേറയും ആഴത്തിൻേറയും താക്കോലുകളെ ഞാൻ നിനക്കു തരുന്നു. നീ കെട്ടുന്നതിനെ ഞാനും കെട്ടിക്കൊള്ളാം. നീ എന്തെങ്കിലും അഴിച്ചാൽ അതു അഴിച്ചതുതന്നെയായിരിക്കും" (ശ്ഹീമാ നമസ്കാരം പുറം. 470).

൪) സുപ്രസിദ്ധനായ ബാർ എബ്രായ എന്ന യാക്കോബായ പണ്ഡിതൻ ഇപ്രകാരം എഴുതിയിരിക്കുന്നു: "നമ്മുടെ രക്ഷിതാവു് വി. പത്രോസിനെ ശ്ലീഹന്മാരുടെ തലവനായിട്ടു സ്ഥാപിക്കുകയും അദ്ദേഹത്തിനു സ്വൎഗ്ഗരാജ്യത്തിൻെറ താക്കോലുകൾ കൊടുക്കുകയും ചെയ്തു" (Greg. Bar Hebreus in Chronic col. Vat).

൫) പരേതനായ മാർ ദിവന്ന്യാസ്യോസു മെത്രാപ്പോലീത്തായുടെ ഒരു പ്രസംഗത്തിൽ വി. പത്രോസിൻെറ പ്രധാനാചാൎയ്യത്വത്തെപ്പററി ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "ശ്ലീഹന്മാരുടെ തലവനായ ശിമയോനോട്ട കൎത്താവു ആചാൎയ്യസ്ഥാനത്തെപ്പററി കല്പിച്ചിട്ടുള്ളതു എത്രയോ ആഗ്രഹിക്കത്തക്കതും കൗതുകാവഹമായിട്ടുള്ളതുമാകുന്നു. ഞാൻ നിന്നെ പ്രധാന കലവറക്കാരനാക്കിയിരിക്കുന്നു. സ്വൎഗ്ഗത്തിൻേറയും ആഴത്തിൻേറയും താക്കോലുകളെ ഞാൻ നിനക്കു തരുന്നു. നീ കെട്ടുന്നതിനെ ഞാൻ കെട്ടിക്കൊള്ളാം. നീ എന്തെങ്കിലും അഴിച്ചാൽ അതു അഴിച്ചതുതന്നെ ആയിരിക്കും" (1093-ലെ വേദപ്രചാരകൻ മാസിക. ലക്കം 7).

സ്വർഗ്ഗരാജ്യമാകുന്ന തിരുസ്സഭയുടെ താക്കോൽ വി. പത്രോസിനു മാത്രമാണു് കർത്താവു കൊടുത്തിരിക്കുന്നതെന്നും തന്മൂലം സഭയുടെ പരമാധികാരി വി. പത്രോസാണെന്നും ഈ രേഖകളിൽനിന്നും സ്പഷ്ടമായി തെളിയുന്നു. നിഷ്പക്ഷവാദികളും, തങ്ങളുടെ റിക്കാർട്ടുകളെപ്പററി അല്പമെങ്കിലും ബഹുമാനമുള്ളവരുമായ യഥാൎത്ഥ യാക്കോബ്യർ ഈ സത്യത്തെ ഇനിയെങ്കിലും നിഷേധിക്കയില്ലെന്നു വിശ്വസിക്കുന്നു.

## തൊഴുത്തിന്റെ ഇടയൻ.

ഈശോ, ശിമയോൻപത്രോസിനോടു യോഹന്നാന്റെ മകനായ ശിമയോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ? എന്നു ചോദിച്ചു. ഉവ്വ്, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ടു് എന്നു നീ അറിയുന്നുവല്ലോ എന്നു ശിമയോൻപത്രോസു മറുപടി പറഞ്ഞു. എന്റെ കുഞ്ഞാടുകളെ മേയിക്ക എന്നു് അവിടുന്നു് അവനോടു പറഞ്ഞു. രണ്ടാമത്തും അവനോടു എന്നെ സ്നേഹിക്കുന്നുവോ?.........എന്റെ കുഞ്ഞാടുകളെ മേയിക്കുക.......മൂന്നാമത്തും അവനോടു എന്നെ സ്നേഹിക്കുന്നുവോ.......എന്റെ ആടുകളെ മേയിക്കുക (യോഹ. ൨൧. ൧൫–൧൭).

പൈശാചികകണികളിൽനിന്നും മനുഷ്യരെ രക്ഷിപ്പാൻ തിരുജീവനെ ബലിയർപ്പിച്ച നല്ലയിടയനായ മിശിഹാ അവിടുത്തെ തൊഴുത്തിലെ അജഗണങ്ങളെ ക്രൂരജന്തുക്കളുടെ ഉപദ്രവങ്ങളിൽനിന്നു സംരക്ഷിക്കുന്നതിനും സ്വച്ഛമായ മേച്ചിൽസ്ഥലങ്ങളിലേക്കു ആനയിച്ചു പരിപുഷ്ടിപ്പെടുത്തുന്നതിനുംവേണ്ടിയത്രെ വിശ്വസ്തനായ ഒരിടയനെ നിയമിച്ചതു്. "എന്റെ കുഞ്ഞാടുകളേയും ആടുകളേയും മേയ്ക്കുക" എന്ന കല്പനയാൽ അവിടുന്നു തിരുസ്സഭയുടെ പരമാധികാരിയായി വി. പത്രോസിനെ നിയമിച്ചുവെന്നാണു കത്തോലിക്കാവിശ്വാസം. ഈ സത്യത്തേയും പ്രോട്ടസ്റ്റന്റു സഹോദരർ പാടെ നിഷേധിക്കുന്നു. സഭയുടെപ്രധാനയിടയൻ വി.പത്രോസാണെന്നുള്ള കത്തോലിക്കാവിശ്വാസംതന്നെയാണു യാക്കോബായസഭയുടേതെന്നുള്ള

തിന് അവരുടെ റിക്കാർട്ടുകൾതന്നെ ഇവിടെയും ഞാൻ ഹാജരാക്കുന്നു.

൧) യാക്കോബായ മേൽപ്പട്ടസ്ഥാനാഭിഷേകക്രമത്തിൽനിന്നും: "മോശയുടെ പിന്നിൽ യോശുവാ എപ്രകാരം നിൽക്കുന്നുവോ അപ്രകാരം ഇവിടെയും പിതാവേ! ശിമയോന്റെ സ്ഥാനത്തു സ്വന്തം ആടുകളെ പ്രശോഭിതമാംവണ്ണംമേയിപ്പാൻ കർത്താവ് അങ്ങയെ നിയമിച്ചിരിക്കുന്നു" (പുറം 4).

൨) ശ്ലീഹന്മാരുടെ തലവനായ ശിമയോനോടു ഇടയന്മാരുടെ തലവൻ അരുളിച്ചെയ്തതു്: "ന്യായവിധിയിങ്കൽ ആടുകളുടെ കണക്കു നീ ബോധിപ്പിക്കേണ്ടി വരും" (പുറം 19).

൩) വീണ്ടും മേൽപ്പട്ടസ്ഥാനാഭിഷേകക്രമം പുറം 21-ൽ ഇപ്രകാരം കാണുന്നു: "യൗനായുടെ പുത്രനായ ശിമയോൻ ഉയരത്തിന്റേയും ആഴത്തിന്റേയും താക്കോലുകളെ കൈക്കൊണ്ടപ്പോൾ ഇടയന്മാരുടെ തലവൻ അവനോട് അരുളിച്ചെയ്തതു്. 'ശിമയോനേ, നീ എന്തു ചെയ്യുന്നു എന്ന് കരുതിക്കൊള്ളണം. ആട്ടിൻകൂട്ടം നിനക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. എന്റെ കുഞ്ഞാടുകളേയും പെണ്ണാടുകളേയും എനിക്കായി നീ മേയിച്ചുകൊള്ളുക. മുഖപക്ഷം നോക്കാത്തതായ ദൈവസിംഹാസനത്തിൻമുമ്പാകെ നീ കണക്കു ബോധിപ്പിക്കേണ്ടി വരും".

൪) പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിവസത്തേക്കുള്ള പെങ്കീസാ നമസ്കാരക്രമം സന്ധ്യാപ്രാർത്ഥനയിൽ ശിമയോനെ ഇപ്രകാരം സ്തുതിക്കുന്നു: "ശ്ലീഹന്മാരുടെ തലവനായ ശിമയോനു വലിയ ഭാഗ്യം. അവനെ നമ്മുടെ രക്ഷിതാവു സഭയുടെ അടിസ്ഥാനമാക്കി വച്ചു. എന്റെ ആടുകളേയും കുഞ്ഞാടുകളേയും പെണ്ണാടുകളേയും മേയിക്ക എന്നു അവനോടു പറയുകയും ചെയ്തു".

൫) പെങ്കീസാ നമസ്കാരത്തിൽ പ്രസ്തുതദിവസത്തേയ്ക്കുള്ള രാത്രിപ്രാർത്ഥനയിൽ വീണ്ടും വി. പത്രോസിനെപ്പററി ഇപ്രകാരം പറയുന്നു: "നമ്മുടെ രക്ഷിതാവ് ശിമയോനെ കണ്ടു......ശ്ലീഹന്മാരുടെ തലവനായി അവനെ നിയമിച്ചു. തന്റെ ഇടവകയെ മേയിപ്പാനായി അവനോടാജ്ഞാപിച്ചു".

സഭയുടെ ഇടയൻ വി. പത്രോസാണെന്നു എത്ര സ്പഷ്ടമായി ഈ രേഖകൾ തെളിയിക്കുന്നു! പത്രോസാകുന്ന സത്യഇടയന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും കല്പനകളെ ലംഘിച്ചു ഏകസത്യതൊഴുത്തിനു പുറത്തുപോയിരിക്കുന്ന യാക്കോബായസഭയിലെ അജഗണങ്ങളെ, നിരന്തരം നിങ്ങളുന

ഭവിച്ചുകൊണ്ടിരിക്കുന്ന നാനാവിധദുരിതങ്ങളെ ഓൎത്തെങ്കിലും ആ യഥാൎത്ഥതൊഴുത്തിലേയ്ക്കു പിന്തിരിയുന്നതിന്നു തക്ക സന്മനസ്സു നിങ്ങൾക്കുണ്ടാകട്ടെ! അങ്ങനെ 'ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ടു്. അവയേയും ഞാൻ കൂട്ടിക്കൊണ്ടു വരേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും. ഒരിടയനും ഒരാട്ടിൻകൂട്ടവും ആകും'. (യോഹ. ൧൦. ൧൬) എന്നുള്ള നല്ലിടയന്റെ വചനങ്ങൾ വേഗത്തിൽ നിറവേറട്ടെ!

## ശ്ലീഹന്മാരുടെ തലവൻ.

ശ്ലീഹന്മാൎക്കെല്ലാവൎക്കും പൊതുവിൽ കൊടുത്ത അധികാരങ്ങൾ കൂടാതെ വി. പത്രോസിനു തനിച്ചു വിശേഷാൽ അധികാരങ്ങൾ കൎത്താവു കൊടുത്തിട്ടുണ്ടെന്നും, ശ്ലീഹന്മാരുടെമേലും പ്രയോഗിക്കുന്നതിനുള്ള അധികാരങ്ങളാണവയെന്നും, തന്മൂലം വി. പത്രോസ് ശ്ലീഹന്മാരുടെ തലവനാണെന്നുമത്രെ കത്തോലിക്കരുടെ വാദം. മിശിഹായുടെ ലോകജീവിതകാലത്തു തന്നെ വി. പത്രോസ് ശ്ലീഹന്മാരുടെ തലവനായി പലേ സന്ദൎഭങ്ങളിലും പ്രവൎത്തിച്ചിട്ടുള്ളതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അവിടത്തെ സ്വൎഗ്ഗാരോഹണശേഷവും ശ്ലീഹന്മാരുടെ തലവൻ വി. പത്രോസായിരുന്നുവെന്നും ഏവരിലും മുഖ്യനായി പ്രവൎത്തിച്ചിട്ടുള്ളതു് അദ്ദേഹമായിരുന്നുവെന്നുമുള്ളതിനു "അപ്പസ്തോലപ്രവൃത്തി'കളിൽ നിരവധി തെളിവുകൾ കാണുന്നു. ക്രൈസ്തവസഭയുടെ സംപൂജ്യരായ പൂൎവ്വിക വിശുദ്ധപിതാക്കന്മാർ ഈ സത്യം വിശ്വസിക്കുകയും ശ്ലീഹന്മാരിൽ തലവൻ വി. പത്രോസായിരുന്നുവെന്നു് അവരുടെ എഴുത്തുകളിൽ പല സ്ഥലങ്ങളിലും രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. പൂർവികസഭാറിക്കാർട്ടുകളെല്ലാം ഒന്നടങ്കം നിഷേധിക്കുകയും അവയ്ക്കു് ദുർവ്യാഖ്യാനം കൊടുക്കുകയും ചെയ്യുന്ന പ്രൊട്ടസ്റ്റന്റു സഭാംഗങ്ങൾ ഈ സത്യത്തെ നിഷേധിക്കുന്നതിൽ അശ്ചൎയ്യത്തിനവകാശമില്ല. എന്നാൽ പൂർവികസഭയുടെ അംഗങ്ങളെന്നു് അഭിമാനിക്കുന്ന യാക്കോബായർക്കു് ഒരു പ്രകാരത്തിലും ഈ സത്യത്തിനെതിരായി പഠിപ്പിക്കുന്ന

തിനു യാതൊരു വഴിയും ഞാൻ കാണുന്നില്ല. വി. പത്രോസ് ശ്ലീഹന്മാരിൽ തലവനായിരുന്നുവെന്നുള്ളതിനു ഒട്ടനേകതെളിവുകൾ യാക്കോബായരുടെ റിക്കാർട്ടുകളിൽനിന്നുതന്നെ ഉദ്ധരിക്കുന്നതിനുണ്ട്. പക്ഷെ ആവശ്യത്തിനു മതിയാകകൊണ്ട് ഏതാനും രേഖകൾ മാത്രമേ ഞാനിവിടെ ഉദ്ധരിക്കുന്നുള്ളു.

1) യാക്കോബായമേൽപ്പട്ടസ്ഥാനാഭിഷേകക്രമം:—"വലിയവനും ഞങ്ങളുടെ കർത്താവും രക്ഷിതാവുമായ യേശുമിശിഹാ മുഖാന്തരം പൂർണ്ണ സത്യത്തേയും പൂർണ്ണതയുള്ളതും തികഞ്ഞതുമായ പ്രകാരത്തേയും അപ്പസ്തോലശിരസ്സാകുന്ന ശിമയോനും, തിരിഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാർക്കും, അവർ മുഖാന്തരം ലോകാവസാനത്തോളം വി. സഭയ്ക്കു മുഴുവനും ന് ഭരമേല്പിച്ചു" (പുറം 33).

2) പാത്രിയാക്കീസന്മാരേയും മെത്രാന്മാരേയും വാഴിക്കുമ്പോൾ അവർ എഴുതിവയ്ക്കുണ്ട 'ശൽമൂസാ' ഉടമ്പടിയിലെ ഒരു ഭാഗം: "....വാശത്തത്തെ ഞാൻ ഭേദപ്പെടുത്തി അനുസരണക്കേടു കാണിക്കുന്നതായ ആദിവസത്തിൽ ശ്ലീഹന്മാരുടെ തലവനായ വി. പത്രോസിന്റെ വായാലും അവന്റെ സഹോദരന്മാരായ പതിനൊന്നുപേരുടെ വായാലും,.....'

3) യാക്കോബായ നമസ്കാരക്രമത്തിൽ ഇപ്രകാരം കാണുന്നു: "ദീർഘദർശിമാരുടെ തലവനായ മൂശയേയും ശ്ലീഹന്മാരുടെ തലവനായ ശിമയോനേയും ശില്പിയായ പൗലൂസിനേയും ഓർക്കുക' (ശുബഹാ നമസ്കാരം പുറം 25 തിങ്കളാം രാത്രി).

4) മൂസലിലെ യാക്കോബായ മെത്രാനായിരുന്ന മൂശബർക്കീപ്പാ അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "നമ്മുടെ കർത്താവു പത്രോസിനോടുമാത്രം, നീ തിരിഞ്ഞു നിന്റെ സഹോദരന്മാരെ ഉറപ്പിക്ക എന്നും, നീ കല്ലാകുന്നുവെന്നും അരുളിച്ചെയ്തു. ഈ വാക്കുകളാൽ താൻ അദ്ദേഹത്ത—അദ്ദേഹത്തിന്റെ കൂട്ടർ ഇടയന്മാരെങ്കിലും അവരുടെ തലവനാക്കിച്ചമച്ചു" (Moses Bar chepa de sacerdo-tio tract 4 c-6).

5) "പന്ത്രണ്ടു ശ്ലീഹന്മാർ" എന്ന യാക്കോബായ പുസ്തകത്തിൽ 'ശ്ലീഹന്മാരുടെ തലവനായ വി. പത്രോസ്ശ്ലീഹാ' എന്ന തലക്കെട്ടിൽ ആരംഭിക്കുന്ന അദ്ധ്യായത്തിൽ ഈ വിധത്തിൽ കാണുന്നു: "പന്ത്രണ്ടു ശ്ലീഹന്മാരിൽ പത്രോസ്ശ്ലീഹാ ഒഴിച്ചു ശേഷമുള്ളവരെല്ലാവരും പട്ടത്വത്തിന്നടുത്ത സമനൽവരക്കാരും അധികാരികളുമാണ്. എന്നാൽ പത്രോസ്ശ്ലീഹായ്ക്കു കൂടുതൽ നൽവരവും അധികാരവും കൊടുത്തിരുന്നതിനാൽ മററുള്ളവരെ

ക്കാറം പ്രാധാന്യമുണ്ടായിരുന്നു. താൻ ശ്ലീഹന്മാരിൽ തലവനും പല അ വസരങ്ങളിലും ശ്ലീഹന്മാരുടെ പ്രതിനിധിസ്ഥാനം വഹിച്ചുനിന്നവനുമാ യിരുന്നു. ശ്ലീഹന്മാരുടെ പ്രതിനിധി എന്ന നിലയിൽ കർത്താവു പത്രോ സിനോടും പത്രോസ് ശ്ലീഹാ കർത്താവിനോടും സംസാരിച്ചതായി വിശുദ്ധ വേദങ്ങളിൽ കാണുന്നുണ്ട്" (പുറം 35).

6) യാക്കോബായ സഭയിലെ പല കർമ്മങ്ങളും അടങ്ങിയതും യാ ക്കോബ്യർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നതും യാക്കോബായസഭയിലെ പ ണ്ഡിതവരേണ്യരായ വൈദികന്മാരാൽ മലയാളത്തിലേക്കു ഭാഷാന്തരം ചെയ്യപ്പെട്ടിട്ടുള്ളതുമായ 'ആണ്ടു തക്സാ' എന്ന പുസ്തകവും വി. പത്രോസ്, ശ്ലീഹന്മാരുടെ തലവനാണെന്നു വിളിച്ചു പറയുന്നു. "സൃഷ്ടികർത്താവായ ദൈവം പാത്രത്തിൽനിന്നു വെള്ളം ഒഴിച്ചു കൂട്ടത്തിൻെറ തലവനായ ശി മെയോനെ വിളിച്ചു" (മലയാളം പുറം 40. സുറിയാനി പുറം 174).

"ശ്ലീഹന്മാരുടെ തലവനായ ശിമയോൻെറ അടുത്തുവന്നു"
(മലയാളം പുറം. 141. സുറിയാനി. 175).

"ശ്ലീഹന്മാരുടെ തലവനായ ശിമയോൻ"
(മലയാളം 147. സുറിയാനി 185).

"നമ്മുടെ കർത്താവു താഴ്മയോടെ, പാത്രത്തിൽ വെള്ളമൊഴിച്ചു ശി ഷ്യന്മാരുടെ തലവനായ ശിമയോൻെറ കാലുകളെ കഴുകുവാൻവേണ്ടി താൻ അവനെ വിളിച്ചു" (മലയാളം 151. സുറിയാനി 189).

"ശിഷ്യന്മാരുടെ തലവനായ ശിമയോനേ, മതി"
(മലയാളം പുറം 151. സുറിയാനി 189).

7) പെങ്കീസാക്രമത്തിൽ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തി രുനാൾ ദിവസത്തേ പ്രാർത്ഥനയിൽ, വി. പത്രോസിൻെറ തലവസ്ഥാന ത്തെ സ്ഥാപിക്കുന്ന നിരവധി തെളിവുകൾ കാണുന്നു. അവയിൽ ചില വമാത്രം താഴെച്ചേർക്കുന്നു:

"ശ്ലീഹന്മാരുടെ തലവനും, വി. സഭയുടെ അടിസ്ഥാനവുമായ ശിമ യോൻ കേപ്പാ".

"ശ്ലീഹന്മാരുടെ തലവനായ ശിമയോന് വലിയ ഭാഗ്യം".

"നമ്മുടെ രക്ഷിതാവു ശിമയോനെകണ്ടു.......ശ്ലീഹന്മാരുടെ തലവനാ യി അവനെ നിയമിച്ചു".

"ശ്ലീഹന്മാരുടെ തലവനായ ശിമയോൻെറ ഓർമ്മയിൽ സഭ സന്തോ ഷിക്കയും സ്തുതി പാടുകയും ചെയ്യുന്നു".

ബഹുമാന്യ യാക്കോബായ സഹോദരന്മാരേ, വി. പത്രോസ്, ശ്ലീഹന്മാരിൽ സമൻ മാത്രമാണെന്നും, യാതൊരു വിശേഷാധികാരവും അദ്ദേഹത്തിനു മിശിഹാ കൊടുത്തിട്ടില്ലെന്നും ഉള്ള നിങ്ങളുടെ ആധുനികവാദം, ശ്ലീഹന്മാരുടെ തലവനായി, മിശിഹാ വി. പത്രോസിനെ നിയമിച്ചു എന്ന് നിങ്ങളുടെ നിരവധി റിക്കാർട്ടുകളിൽ കാണുന്ന സാക്ഷ്യങ്ങൾക്കു പാടേ വിരുദ്ധമാണെന്നുള്ളതിനു സംശയമില്ലല്ലോ. സത്യവിശ്വാസനിഷേധകരായ പ്രോട്ടസ്റ്റാൻറുകാരോ, യാക്കോബായ റിക്കാർട്ടുകൾ നവീകരണമെന്നഭാവത്തിൽ സ്വേച്ഛാനുസരണം വെട്ടിത്തിരുത്തി നിങ്ങളുടെ സഭയിൽ നിന്നും മുടക്കപ്പെട്ടിരിക്കുന്ന ഇന്നാട്ടിലെ നവീകൃതരോ, ഈ സത്യത്തെ നിഷേധിച്ചുകൊള്ളട്ടെ! നിങ്ങൾക്ക് ഒരുകാലത്തും അതു സാദ്ധ്യമല്ല. ഒന്നെങ്കിൽ നിങ്ങളുടെ റിക്കാർട്ടുകളെല്ലാം പാടേ നിഷേധിപ്പിൻ! അല്ലാത്തപക്ഷം വി. പത്രോസ് ശ്ലീഹന്മാരിൽ തലവനായിരുന്നുവെന്ന സത്യത്തെ സമ്മതിച്ചു അദ്ദേഹത്തിൻെറ പരമാധികാരത്തിന് കീഴ്പ്പെടുവിൻ!

## സഭയുടെ പരമാധികാരി.

സഭയുടെ അടിസ്ഥാനവും, താക്കോൽക്കാരനും, ഇടയനും, ശ്ലീഹന്മാരുടെ തലവനും വി. പത്രോസായിരുന്നുവെന്നുള്ളതിന് യാക്കോബായസഭയിലെ നിരവധി റിക്കാർട്ടുകൾ ഞാൻ ഉദ്ധരിച്ചു കഴിഞ്ഞുവല്ലോ. ഈ സത്യങ്ങൾ സമ്മതിക്കുന്ന യാക്കോബ്യർക്കു സഭയുടെ പരമാധികാരിയായി, വി. പത്രോസിനെ കർത്താവു നിയമിച്ചു എന്ന സത്യത്തെ ഒരിക്കലും നിഷേധിപ്പാൻ സാധിക്കുന്നതല്ല. വി. പത്രോസ് ഉൾപ്പെടെ ഉള്ള എല്ലാ അപ്പസ്തോലന്മാർക്കും 'നിങ്ങൾ' എന്ന പൊതുപ്പേരിൽ രക്ഷകൻ അനേകം അധികാരങ്ങൾ കൊടുക്കുകയും, എന്നാൽ വി. പത്രോസിനുമാത്രം ചില പ്രത്യേകവും പ്രധാനവുമായ അധികാരങ്ങൾ നൽകുകയും, മററാർക്കുംതന്നെ ഒരു പ്രത്യേകാധികാരവും കൊടുക്കാതിരിക്കയും, മററുള്ളവർക്ക് കൊടുത്ത അധികാരങ്ങളിൽ ഒന്നിൽനിന്നുപോലും അദ്ദേഹത്തെ ഒഴിവാക്കാതിരിക്കുകയും ചെ

ഷ്ടുമ്പോൾ അദ്ദേഹം സഭയുടെ പരമാധികാരിയെന്നു വിശ്വസിക്കുവാൻ, മിശിഹായുടെ ദൈവത്വത്തിൽ വിശ്വസിക്കുന്ന യാതൊരു ക്രൈസ്തവനും പ്രയാസമുണ്ടാകുന്നതല്ല. സഭയുടെ സർവ്വശക്തികളും ഏതൊന്നിനെ ആശ്രയിച്ചിരിക്കുന്നുവോ, സഭയെ അചഞ്ചലമായി ഏതൊന്നു കാത്തുകൊള്ളുന്നുവോ, ആ അടിസ്ഥാനവും പരമാധികാരസ്ഥാനവും വ്യത്യസ്തങ്ങളാകുവാൻ പാടില്ലാത്തതാകുന്നു. തിരുസ്സഭയുടെ സംരക്ഷകനായിരിക്കേണ്ട താക്കോൽക്കാരൻ നിശ്ചയമായും സഭയുടെ പരമാധികാരിതന്നെ ആയിരിക്കണം. ശത്രുക്കളിൽനിന്നും ആട്ടിൻകൂട്ടത്തെ മുഴുവൻ കാത്തുരക്ഷിക്കുകയും മേയിക്കുകയും ചെയ്യേണ്ട ആ ഇടയൻ പരമാധികാരി അല്ലാതെ ഇതരനാകുവാൻ പാടില്ല. ശ്ലീഹന്മാർ സഭയുടെ അധികാരികളാകയാൽ ശ്ലീഹന്മാരുടെ തലവൻ നിശ്ചയമായും സഭയുടെ പരമാധികാരിതന്നെ ആയിരിക്കണം. ഇവയെല്ലാം തന്നെ തങ്ങളുടെ റിക്കാർട്ടുകളിൽ സമ്മതിച്ചിരിക്കുന്ന യാക്കോബായസഹോദരന്മാർക്കു വി. പത്രോസിന്റെ പരമാധികാരത്തെ ഒരു പ്രകാരവും നിഷേധിക്കാവുന്നതല്ല.

സഭയുടെ പരമാധികാരി വി. പത്രോസാണെന്ന് സ്പഷ്ടമായിത്തെളിയിക്കുന്നമററു ചില യാക്കോബായ റിക്കാർട്ടുകൾകൂടി ഇവിടെ ഞാൻ ഹാജരാക്കുന്നു.

1) മേല്പട്ടസ്ഥാനാഭിഷേകക്രമത്തിലും, വിവാഹശുശ്രൂഷാക്രമത്തിലും ഉള്ള 'കദ്മഖറോ ഹസ് നോശ്മായോനോല്യീദസ്ക്കദിശോ'.ആദിയായ ഗീതത്തിന്റെ അർത്ഥം ഇപ്രകാരമാണ്.

“സ്വർഗ്ഗീയ മണവാളൻ, വിശ്വസ്തയായ വിശുദ്ധസഭയെ വിവാഹം പറഞ്ഞു ബോധിച്ചപ്പോൾ, ശിമയോനേയും യോഹന്നാനേയും വിളിച്ച്, അവരിരുവരേയും ചുമതലപ്പെടുത്തി. ശിമയോനെ ഭവനാധികാരിയായി നിയമിച്ചു. യോഹന്നാനെ പ്രാസംഗികനായും നിയമിച്ചു”. (മേല്പട്ടസ്ഥാനാഭിഷേകക്രമം പുറം. ൨൦. വിവാഹക്കൂദാശക്രമം പുറം ൩൧).

വി. സഭയാകുന്ന ഭവനത്തിന്റെ അധികാരി പത്രോസാണെന്നു മേല്പട്ട സ്ഥാനാഭിഷേക ക്രമത്തിലും വിവാഹക്രമത്തിലും സ്പഷ്ടമായി പറഞ്ഞിരിക്കുമ്പോൾ, വി. പത്രോസിന്, ഇതര

ശ്ലീഹന്മാരേക്കാൾ യാതൊരു വിശേഷാധികാരവും ഇല്ലെന്നു വാദിക്കുന്ന യാക്കോബ്യരെപ്പറ്റി, സഹതപിക്കയല്ലാതെ എന്തു ചെയ്യട്ടെ!

൨) യാക്കോബായ നമസ്ക്കാരക്രമത്തിൽ "മൂശെറീശേ ദാത്കിതോ" ആദിയായ ഗീതത്തിൽ, വി. പത്രോസിനെ മൂശയോടു ഇപ്രകാരം താരതമ്യപ്പെടുത്തിയിരിക്കുന്നു. "പഴയ നിയമത്തിന്റെ തലവൻ മൂശയും പുതിയ നിയമത്തിന്റെ തലവൻ ശിമയോനുമാകുന്നു. മൂശ സഭയിൻകൂടാരത്തെപ്പണിതു. ശിമയോൻ തിരുസ്സഭയേപ്പണിതു. കർത്താവേ! പഴയ നിയമത്തിലും പുതിയനിയമത്തിലും നീ സ്തുതിക്കപ്പെട്ടവനാകട്ടെ. (ശ്ഹീമ്മാ നമസ്ക്കാരക്രമം. പുറം 116).

പുതിയ നിയമമാകുന്ന തിരുസ്സഭയുടെ തലവൻ, അഥവാ, പരമാധികാരി വി. പത്രോസാണെന്നുള്ള യാക്കോബായ സഭാവിശ്വാസം എത്രസ്പഷ്ടമായിട്ടാണ് തങ്ങളുടെ നമസ്കാര ക്രമത്തിൽ കാണുന്നതു്. ഇതിനേയും നിഷേധിക്കുന്നതിനു തയ്യാറുള്ള യാക്കോബായ സഹോദരങ്ങൾ അടുത്ത റിക്കാർട്ടുകൂടി പരിശോധിക്കട്ടേ.

3) പെങ്കീസാ നമസ്ക്കാര ക്രമത്തിൽ പത്രോസു പൗലോസു ശ്ലീഹന്മാരുടെ പെരുന്നാൾ ദിവസത്തേക്കുള്ള പ്രഭാത പ്രാർത്ഥനയിൽ താഴെ കാണുന്നവിധം രേഖപ്പെടുത്തിയിരിക്കുന്നു. "ശിമയോനെ പ്രസംഗത്തിനായി തിരഞ്ഞെടുക്കുകയും, അവന് ഉന്നതത്തിന്റേയും, അഗാധത്തിന്റേയും അധികാരം നൽകുകയും ചെയ്തവന്നു മഹത്വം".

ഉന്നതത്തിന്റേയും അഗാധത്തിന്റേയും അധികാരിയായി വി. പത്രോസിനെ മിശിഹാ നിയമിച്ചു എന്ന സത്യം ഈ റിക്കാർട്ടിലും സ്ഫടികസ്ഫുടമായി പ്രകാശിപ്പിച്ചിരിക്കുന്നു. വി. പത്രോസിന്റെ പരമാധികാരത്തെ തെളിയിക്കുന്നതിന് ഇത്രശക്തിയായ തെളിവുകൾ കത്തോലിക്കരുടെ റിക്കാർട്ടുകളിൽപ്പോലും കാണുമോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

നിഷ്പക്ഷവാദികളായ യാക്കോബായ സഹോദരന്മാർ ഞാൻ മുന്നുദ്ധരിച്ച രേഖകളെപ്പറ്റി അവധാനപൂർവം ചിന്തിച്ചു, യാക്കോബായസഭാവിശ്വാസമെന്താണെന്ന് കണ്ടുപിടിക്കുമെ

ന്നാണു എൻെറ ദൃഢമായ വിശ്വാസം. പത്രോസിൻെറ പരമാധികാരം കത്തോലിക്കാസഭ സൃഷ്ടിച്ചതല്ലെന്നും പ്രത്യുത, അതു് മിശിഹായാൽ ദത്തവും, വേദപുസ്തകത്താൽ സ്പഷ്ടീകൃതവും, പൂർവികസഭാപിതാക്കന്മാരുടെ വചനങ്ങളാൽ സുസ്ഥാപിതവും, യാക്കോബായ സഭാറിക്കാർട്ടുകളാൽ സമർത്ഥിതവുമാണെന്നു് സത്യാന്വേഷികൾക്കു് നിഷ്പ്രയാസം ഗ്രഹിക്കുവാൻ സാധിക്കും. പ്രൊട്ടസ്റ്റാൻറു സഭാംഗങ്ങളോടുള്ള സംപർക്കംമൂലമോ, കത്തോലിക്കാസഭയിലേയ്ക്കുള്ള മാനസാന്തരപ്രവാഹം നിമിത്തമുണ്ടായ ഭയം ഹേതുവാലോ, വി. പത്രോസിൻെറ പരമാധികാരത്തെ നിഷേധിച്ചു പ്രസംഗിക്കുന്നതിനും എഴുതുന്നതിനും നിർഭാഗ്യം ലഭിച്ചുപോയ യഥാർത്ഥ യാക്കോബ്യർ, ഇനിയുമെങ്കിലും അതിനു പരിഹാരമെന്നോണം, വി. പത്രോസിൻെറ പരമാധികാരത്തെ പരസ്യമായി സമ്മതിച്ചു്, അതിനെതിരായി വാദിക്കുന്നവരുടെ കുയുക്തികളെ ഖണ്ഡിക്കുന്നതിനു് സന്നദ്ധരാകുമെന്നു പ്രതീക്ഷിക്കട്ടെയോ?

# III

# വി. പത്രോസിന്റെ സിംഹാസനവും യാക്കോബായസഭാറിക്കാൎട്ടുകളും.

വി. പത്രോസിന്റെ പരമാധികാരം തങ്ങളുടെ സഭാവിശ്വാസങ്ങളിലൊന്നാണെന്നും, അതിനെ തങ്ങൾ ഒരു കാലത്തും നിഷേധിക്കുകയില്ലെന്നും, അപ്രകാരം ആരെങ്കിലും നിഷേധിച്ചിട്ടുണ്ടെങ്കിൽ, അതു് തങ്ങളുടെ റിക്കാൎട്ടുകളെപ്പറ്റിയും, വിശ്വാസങ്ങളെപ്പറ്റിയുമുള്ള അജ്ഞതമൂലം മാത്രമാണെന്നും ഇത്രയും പ്രസ്താവിച്ചതിൽനിന്നും നിഷ്പക്ഷവാദികളായ യാക്കോബ്യർ സത്യത്താൽ പ്രേരിതരായി സമ്മതിക്കുമെന്നുള്ളതിനു തൎക്കമില്ല. എന്നാൽ അനേകശതവൎഷങ്ങൾക്കുമുമ്പു് ജീവിക്കയും രക്തസാക്ഷിയായി മരണം പ്രാപിക്കയുംചെയ്ത വി. പത്രോസിന്റെ പരമാധികാരത്തെ തങ്ങൾ ഇപ്പോൾ സ്വീകരിച്ചതുകൊണ്ടോ നിഷേധിച്ചതുകൊണ്ടോ കത്തോലിക്കൎക്കു് എന്താണു് സാധിപ്പാനുള്ളതെന്ന ഒരു ചോദ്യം അവരുടെ നാവിൽനിന്നും നിൎഗ്ഗമിക്കാനിടയുണ്ടു്. ആയതുകൊണ്ടു് ആ ചോദ്യത്തിനു മറുപടി പറയുന്നതിനാണു് ഇനിയും ഞാനുദ്യമിക്കുന്നതു്.

ദൃശ്യമായ തന്റെ സഭയ്ക്കു് ദൃശ്യനായ ഒരു പരമാധികാരി അത്യന്താപേക്ഷിതമാകയാലാണു് സഭാസ്ഥാപകനായ മിശിഹാ തിരുസ്സഭയുടെ പ്രഥമ പരമാധികാരിയായി വി. പത്രോസിനെ നിയമിച്ചതു്. കൈവിരലുകളിൽ എണ്ണുവാൻ മാത്രം അംഗങ്ങളുണ്ടായിരുന്ന ആദിമ ക്രൈസ്തവസഭയ്ക്കു്, ഒരു പരമാധികാരി അത്യാവശ്യമായിരുന്നുവെങ്കിൽ, ലോകാവസാനത്തോളം നിലനില്ക്കേണ്ടതും, കടുകുവൃക്ഷംപോലെയും പുളിച്ചമാവുപോലെയും വളൎച്ച ലോകംമുഴുവൻ വ്യാപിക്കേണ്ടതുമായ തന്റെ സഭയ്ക്കു് അനന്തരകാലങ്ങളിൽ തുടൎച്ചയായി പരമാധികാരികൾ ഉണ്ടായിരിക്കേണ്ടതാണെന്നുള്ളതിനു തൎക്കമില്ല. ഏതുദ്ദേശ്യസിദ്ധിക്കായി ഒരു പരമാധികാരിയെ സഭയ്ക്കു അവിടുന്നു നിയമിച്ചുവോ, ആ

ഉദ്ദേശ്യങ്ങൾ സഭയുടെ അനന്തരകാലങ്ങളിലും നിറവേറേണ്ടതായിരിക്കയാൽ പരമാധികാരസ്ഥാനം തുടർച്ചയായി സഭയിൽ നിലനില്ക്കുകതന്നെവേണം. ഏതാനുംകൊല്ലങ്ങൾമാത്രം ജീവിതമുള്ള വി. പത്രോസ് ലോകാവസാനത്തോളമുള്ള സഭയെ ഭരിക്കുക അസാദ്ധ്യമാകയാൽ, അദ്ദേഹത്തിന്റെ മരണശേഷം, പിൻഗാമികളാൽ സഭ ഭരിക്കപ്പെടണം. അല്ലാത്തപക്ഷം, വി. പത്രോസിന്റെ മരണശേഷം പരമാധികാരി സഭയ്ക്കില്ലാതെ സഭ അനാഥയായിത്തീർന്നുകൊള്ളുന്നതിന് അനുവദിക്കത്തക്കവണ്ണം സഭാസ്ഥാപകനായ മിശിഹാ വിചാരശൂന്യനും അവിശ്വസ്തനുമായിരുന്നുവെന്ന് സമ്മതിക്കേണ്ടിവരും. അതിനു നിവൃത്തിയില്ലാത്തതിനാൽ, തുടർച്ചയായി, വി. പത്രോസിന്റെ പിൻഗാമികൾ സഭയ്ക്കുണ്ടായിരിക്കണമെന്നും അവരാൽ സഭ ഭരിക്കപ്പെടണമെന്നുമായിരുന്നു അവിടുത്തെ തിരുവിഷ്ടമെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

വി. പത്രോസിന്റെ പിൻഗാമികളാരാണെന്ന് എങ്ങനെ അറിവാൻ സാധിക്കുമെന്നുള്ള ഒരു പ്രശ്നത്തിന് ഇവിടെ അവകാശമുണ്ട്. പത്രോസിന്റെ സിംഹാസനത്തിൽ ആർ ആരൂഢനാകുന്നുവോ ആ ആളായിരിക്കണം പത്രോസിന്റെ പിൻഗാമിയും സഭയുടെ പരമാധികാരിയും. പത്രോസിന്റെ സിംഹാസനമേതെന്നുള്ള മറ്റൊരു ചോദ്യമാണിപ്പോളുണ്ടാവുക. ഈ ചോദ്യത്തിന് സമാധാനം നൽകിക്കഴിഞ്ഞാൽ ക്രൈസ്തവസഭയുടെ യഥാർത്ഥപരമാധികാരി ആരെന്ന് നിർണ്ണയിക്കുന്നതിന് വിഷമമുണ്ടാകുകയില്ല. അതുകൊണ്ട് വി. പത്രോസിന്റെ സിംഹാസനം ഇന്നതെന്ന് യാക്കോബായ റിക്കാർട്ടുകൾകൊണ്ടുതന്നെ തെളിയിക്കുന്നതിനാണ് ഇവിടെ ഞാനുദ്ദേശിക്കുന്നത്.

വി. പത്രോസ് അന്ത്യോഖ്യായിലാണ് ആദ്യമായി സിംഹാസനം ഉറപ്പിച്ചതെന്നും, റോമ്മായിൽ രണ്ടാമതായിമാത്രമാണ് സിംഹാസനം സ്ഥാപിച്ചതെന്നും അതിനാൽ അന്ത്യോഖ്യാസിംഹാസനം പുരാതനത്വത്തിൽ റോമ്മായെക്കാൾ പ്രാധാന്യം അർഹിക്കുന്നു എന്നുമുള്ള യാക്കോബ്യരുടെ വാദത്തെപ്പറ്റി രണ്ടു

വാക്കു പറയേണ്ടിയിരിക്കുന്നു. പുരാതനത്വത്തെത്തന്നെ പരിഗണിക്കുന്നപക്ഷവും അന്ത്യോഖ്യായല്ല യറുശലേമാണ് പ്രഥമസ്ഥാനം അർഹിക്കുന്നതെന്ന് നിഷ്പ്രയാസം തെളിയിക്കാവുന്നതാണ്. എന്തെന്നാൽ യറുസലേം സിംഹാസനത്തിനുശേഷം മാത്രമാണ് അന്ത്യോഖ്യാ സിംഹാസനം സ്ഥാപിതമായതെന്ന് "അപ്പസ്തോല പ്രവൃത്തികളി"ൽ സ്പഷ്ടമായി കാണുന്നു. കൂടാതെ, ആദിമ ക്രൈസ്തവസഭയിൽ അന്ത്യോഖ്യാക്ക് പ്രഥമസ്ഥാനം ലഭിച്ചില്ലെന്ന് തന്നെയുമല്ല തൃതീയസ്ഥാനം മാത്രമേ നൽകിയിരുന്നുള്ളുവെന്ന് സഭാചരിത്രവും തെളിയിക്കുന്നു. ആ സ്ഥിതിക്കു പുരാതനത്വത്തിലാകട്ടെ പുരാതനകാലത്താകട്ടെ അന്ത്യോഖ്യാ സിംഹാസനം പ്രഥമസ്ഥാനം അർഹിച്ചിരുന്നുവെന്നവാദം നിരർത്ഥകമെന്ന് തെളിയുന്നു. എന്നാൽ ഇവിടത്തെ പ്രശ്നം വി. പത്രോസ് തന്റെ പരമാധികാരത്തിനടുത്ത സിംഹാസനം എവിടെ സ്ഥാപിച്ചുവെന്നുള്ളതാണ്. വി. പത്രോസ്സ് അന്ത്യോഖ്യായിൽ ഏഴു വർഷം താമസിക്കുകയും അനന്തരം റോമ്മായിൽ എത്തി അവിടെ സിംഹാസനം സ്ഥാപിക്കുകയും അതിൽ ദീർഘകാലം ഭരിക്കുകയും അവിടെവെച്ച് രക്തസാക്ഷിയായി മരണം പ്രാപിക്കുകയും ചെയ്തുവെന്നുള്ളത് ചരിത്ര വാസ്തവമത്രെ. അന്ത്യോഖ്യായിൽ തന്റെ പരമാധികാരത്തിനടുത്ത സിംഹാസനം ഉറപ്പിക്കുകയും അന്ത്യോഖ്യാ പാത്രിയർക്കീസിനെ ക്രൈസ്തവസഭയുടെ പരമാധികാരിയായി നിയമിക്കുകയും ചെയ്തെങ്കിൽ പിന്നീടുള്ള തന്റെ ജീവിതകാലം മുഴുവൻ വി. പത്രോസ് സഭയുടെ പരമാധികാരിയല്ലായിരുന്നുവെന്ന് സമ്മതിക്കേണ്ടതായിവരും. അപ്രകാരമെങ്കിൽ മരണപര്യന്തം ക്രൈസ്തവ സഭയുടെ പരമാധികാരി വി. പത്രോസായിരുന്നു എന്നുള്ളതിന് സാക്ഷിയായി ഞാൻ കഴിഞ്ഞ ഭാഗത്തിൽ ഉദ്ധരിച്ചിരുന്ന സകല യാക്കോബായ റിക്കാർട്ടുകളും പാടെ നിഷേധിക്കേണ്ടതായിവന്നുകൂടും. അത് അസാദ്ധ്യമാകയാൽ സഭയുടെ പരമാധികാരം മരണപര്യന്തം വി. പത്രോസിൽ നിലനിന്നിരുന്നുവെന്നും എവിടെവെച്ച് വി. പത്രോസ് നിര്യാതനായോ അവിടത്തെ സിംഹാസനം പരമാധികാരത്തിനടുത്ത

സിംഹാസനം ആയിരിക്കണമെന്നും സമ്മതിക്കാതെ ഗത്യന്തരമില്ല. തന്നെയുമല്ല, അന്ത്യോഖ്യാസിംഹാസനത്തിലെ പ്രഥമപാത്രിയർക്കീസിനെ സഭയുടെ പരമാധികാരിയായി വി. പത്രോസ് നിശ്ചയിച്ചുവെങ്കിൽ പ്രസ്തുത സിംഹാസനത്തിൽ തുടർച്ചയായി വാഴുന്ന പാത്രിയാർക്കീസന്മാർ അതിനെ നിശ്ചയമായും അവകാശപ്പെടണം. എന്നാൽ, ഒന്നാം നൂററാണ്ടുമുതൽ ഇതേവരെ അന്ത്യോഖ്യാസിംഹാസനത്തിൽ ഭരിച്ചിട്ടുള്ള ഒരൊററ പാത്രിയാർക്കീസുപോലും ക്രൈസ്തവസഭയുടെ പരമാധികാരി താനാണെന്നും ക്രൈസ്തവലോകം മുഴുവനും തൻെറ പരമാധികാരത്തിന് കീഴടങ്ങണമെന്നും വാദിച്ചിട്ടില്ല. അന്ത്യോഖ്യാപാത്രിയാർക്കീസെന്ന് അഭിമാനിക്കുന്ന യാക്കോബായ പാത്രിയർക്കീസുപോലും യാക്കോബായസഭയുടെ മേലല്ലാതെ സാർവ്വത്രിക ക്രൈസ്തവസഭയുടെമേൽ തനിക്കു പരമാധികാരമുണ്ടെന്ന് ഇതഃപര്യന്തം വാദിച്ചിട്ടില്ല. പത്രോസിൻെറ യഥാർത്ഥപിൻഗാമികൾ തങ്ങളല്ലെന്ന് ദൃഢമായ ബോധം ഇവർക്കുണ്ടായിരുന്നതുകൊണ്ടുതന്നെയാണ് ഇപ്രകാരം വാദിക്കാതിരുന്നിട്ടുള്ളത്. അതിനാൽ വി. പത്രോസ് തൻെറ പരമാധികാരത്തിനടുത്ത സിംഹാസനം അന്ത്യോഖ്യായിൽ സ്ഥാപിച്ചില്ലെന്ന് സ്പഷ്ടം.

ഇനിയുള്ള മറെറാരുവാദം അന്ത്യോഖ്യാസിംഹാസനവും റോമ്മാസിംഹാസനവും വി. പത്രോസ് സ്ഥാപിച്ചതാണെന്നും ആയതിനാൽ ആ രണ്ടുസിംഹാസനങ്ങൾക്കും സമമായ അധികാരമാണുള്ളതെന്നുമത്രെ. ശ്ലീഹന്മാരെല്ലാം അധികാരത്തിൽ സമന്മാരാണെന്നും ഏകപരമാധികാരി സഭയ്ക്ക് ആവശ്യമല്ലെന്നുമുള്ള പ്രോട്ടസ്റ്റൻറു വാദത്തിൻെറ ഒരു നിഗമനം മാത്രമാണിത്. ഏകപരമാധികാരി, തൻെറ സഭയ്ക്ക് ആവശ്യമായതുകൊണ്ടാണ് മിശിഹാ പലപരമാധികാരികളെ സഭയ്ക്ക് നിയമിക്കാതെ ഒരാളെമാത്രം അതിലേയ്ക്ക് നിയമിച്ചത്. അതുകൊണ്ട് സഭയ്ക്ക് ഒരു പരമാധികാരിമാത്രമേ ഉണ്ടാകാവൂ എന്നതിന് തക്കമില്ല. തന്നെയുമല്ല, പലപരമാധികാരികളാൽ ഭരിക്കപ്പെടുന്ന ഒരു രാജ്യമോ, സമുദായമോ, സംഘടനയോ, സമൂഹമോ ലോക

ത്തിൽ എവിടെയെങ്കിലുമുള്ളതായി കാണിക്കുവാൻ സാധിക്കുന്നതുമല്ല. അപ്രകാരമെങ്കിൽ മിശിഹായുടെ ദൃശ്യസഭയ്ക്കും ഒരു പരമാധികാരിമാത്രമേ ഉണ്ടാകുവാൻ പാടുള്ളു എന്ന് സിദ്ധിക്കുന്നു. ആ സ്ഥിതിക്ക് അന്ത്യോഖ്യാപാത്രിയാർക്കീസും റോമ്മാപാത്രിയാർക്കീസും തുല്യാധികാരങ്ങളുള്ള പരമാധികാരികളാണെന്നുള്ള വാദം യുക്തിയുക്തമല്ല. അതിനാൽ, വി. പത്രോസിന്റെ പരമാധികാരത്തെ നിലനിറുത്തിക്കൊണ്ടുപോകുവാനുള്ള അവകാശം അന്ത്യോഖ്യക്കോ റോമ്മിനോ, എന്നുള്ള പ്രശ്നത്തിനത്രെ ഇവിടെ ഉത്തരം നൽകേണ്ടതു്.

അന്ത്യോഖ്യാസിംഹാസനത്തിന് സമാധികാരമല്ല പരമാധികാരം തന്നെയുണ്ടെന്ന് വാദത്തിന് വേണ്ടി സമ്മതിച്ചാലും യാക്കോബ്യർക്ക് അവിടേയും നിലയില്ല. അന്ത്യോഖ്യാസിംഹാസനവുമായി നാമത്തിലല്ലാതെ മറ്റുയാതൊന്നിലും ബന്ധമില്ലാത്ത ഒരു പാത്രിയാർക്കീസിന്റെ മേലധികാരത്തെയാണല്ലോ യാക്കോബായക്കാർ സ്വീകരിച്ചിരിക്കുന്നതു്. അന്ത്യോഖ്യായിൽ നിന്നും അനേകദിവസത്തെ വഴി ദൂരെ സ്ഥിതിചെയ്യുന്ന മർദ്ദീൻ എന്ന കുഗ്രാമത്തിലാണ് യാക്കോബായ പാത്രിയാക്കീസ് തന്റെ ആസ്ഥാനം ഉറപ്പിച്ചിരിക്കുന്നതു്. സാക്ഷാൽ അന്ത്യോഖ്യാസിംഹാസനത്തിൽ ഭരിക്കുന്നതു് കത്തോലിക്കാപാത്രിയാർക്കീസാണ്. അദ്ദേഹം റോമ്മാസിംഹാസനത്തിന്റെ പരമാധികാരത്തെ സമ്മതിച്ച് റോമ്മാ പാത്രിയാർക്കീസിന് കീഴ്വഴങ്ങുകയുംചെയ്യുന്നു. ആ സ്ഥിതിക്ക് അന്ത്യോഖ്യാസിംഹാസനത്തെ മുറുകെപ്പിടിക്കണമെന്നാഗ്രഹിക്കുന്ന യാക്കോബായ സഹോദരർക്ക് റോമ്മാസിംഹാസനത്തിന്റെ പരമാധികാരത്തെ സ്വീകരിപ്പാതിരിപ്പാൻ യാതൊരു നിവൃത്തിയുമില്ല.

വി. പത്രോസ് റോമ്മിൽ തന്റെ സിംഹാസനം സ്ഥാപിക്കയും അവിടെവച്ച് രക്തസാക്ഷിമരണം പ്രാപിച്ച് കബറടങ്ങുകയുംചെയ്തു എന്നസത്യത്തെ നിഷേധിക്കുന്നതിനായി വി. പത്രോസ് റോമ്മിൽ പ്രവേശിച്ചിട്ടുപോലുമില്ലെന്നും തന്മൂലം അദ്ദേഹത്തിന്റെ സിംഹാസനം റോമ്മിലാണെന്നുള്ള കത്തോലി

ക്കാസിദ്ധാന്തം ചരിത്രത്തിനെതിരാണെന്നും ചില പ്രൊട്ടസ്റ്റൻറു ചരിത്രകാരന്മാർ വാദിക്കുന്നുണ്ടു്. കത്തോലിക്കാമതവിദ്വേഷമോ, അഥവാ, ചരിത്രത്തിലുള്ള അജ്ഞതയോ, ആയിരിക്കണം ഇവരെ ഇതിനു് പ്രേരിപ്പിച്ചിട്ടുള്ളതു്. ഇന്നാട്ടിലെ യാക്കോബായരിൽ ചിലരും ഈ വാദം പുലത്തുന്നതിനായി വി. പത്രോസ്സ് റോമ്മിൽ കാലെടുത്തു് കുത്തിയിട്ടുപോലുമില്ലെന്നു് ഈയിടെ വാദിച്ചു തുടങ്ങിയിട്ടുണ്ടു്. പത്രോസിൻെറ പരമാധികാരം പോലെ തന്നെ അദ്ദേഹത്തിൻെറ റോമ്മാഗമനവും യാക്കോബായറിക്കാർട്ടുകളിൽ നിന്നുതന്നെ തെളിയിക്കാവുന്നതാണു്.

1) വി. പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസത്തേയ്ക്കുള്ള പ്രഭാത പ്രാർത്ഥനയിൽ "ശിമയൂൻ ഹൌസാദയോദൊ" ആദിയായ ഗീതത്തിൽ ഇപ്രകാരമാണു് കാണുന്നതു്.

"വീച്ചുകാരനായ ശിമയോനെ മിശിഹാ വീശി. മീനിനുപകരം മനുഷ്യരെ ജീവങ്കലേയ്ക്കു വീശിയെടുപ്പാനായിട്ടുതന്നെ. അദ്ദേഹം തൻെറ വല റോമ്മായിൽ വിരിച്ചു. അതിൻെറ ക്രൌര്യത്തെ നീക്കി അതിൻെറ സിംഹത്വത്തെ കുഞ്ഞാടുപോലെയാക്കി അതിനെ തിരുസ്സഭയിൽ പ്രവേശിപ്പിച്ചു". (പെങ്കീസാ പ്രഭാതപ്രാർത്ഥന വലിയസുറിയാനിക്രമം. പുറം. 224).

2) സുറിയാനി കുർബ്ബാനക്രമത്തിൽ "കദ്ദേൻ നഫ്ക് ശ്ലീഹെ" എന്നാരംഭിക്കുന്ന ഒരു ഗീതത്തിൻെറ പരിഭാഷ താഴെച്ചേർക്കുന്നു. "ശ്ലീഹന്മാർ സുവിശേഷം പ്രസംഗിപ്പാൻ പുറപ്പെട്ടപ്പോൾ ചിട്ടിയിട്ടു. അതിൻ പ്രകാരം നാലുഭാഗത്തേയ്ക്കും പുറപ്പെട്ടു. ശിമയോൻ റോമ്മായിൽ എത്തി. തോമാശ്ലീഹാ ഇന്ത്യയിലും, തിരഞ്ഞെടുക്കപ്പെട്ടവനായ യോഹന്നാൻ എഫേസൂസ്സിലും......എത്തി. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു് കോട്ടയും അഭയസ്ഥാനവും ആയിരിക്കട്ടെ". (വലിയ സുറിയാനിക്രമം. പുറം. 242).

3) പെങ്കീസാ നമസ്കാരക്രമത്തിലുള്ള പെന്തിക്കോസ്തു തിരുനാളിലെ രാത്രി 2-ാം കൌമായിലെ ഒരു ഭാഗം. "ശിമയോൻ റോമ്മിലേക്കു് അയക്കപ്പെട്ടു. യൂഹന്നാൻ എഫേസൂസ്സിലേക്കും, തോമ്മാ ഇൻഡ്യയിലേക്കും..........."

4) ശൂഹോയോ തിരുനാളിൻെറ പെങ്കീസാ നമസ്കാരക്രമം രാത്രി പ്രാർത്ഥനയിൽ "വിശുദ്ധമാതാവിൻെറ സംസ്കാരത്തിനായി വി. പത്രോസ്സ് റോമ്മായിൽ നിന്നും തോമ്മാ ഇൻഡ്യയിൽ നിന്നും..... വന്നെത്തി" എന്നുകാണുന്നു.

5) മാതാവിന്റെ സംസ്കാരസമയത്ത് ശ്ലീഹന്മാർ പലഭാഗങ്ങളിൽ നിന്നും യറുസലേമിൽ വന്നതിനെപ്പറ്റിയുള്ള ഒരു സുറിയാനി ഗീതത്തിൽ വിശുദ്ധപത്രോസിനെക്കുറിച്ചു പറയുന്നു. "ശിമയോനേ! അവിടുന്ന് റോമ്മായിൽ നിന്നും യറുസലേമിൽ വന്നത് എങ്ങിനെയെന്ന് എന്നോടു പറയുക. ഏററം പരിപാകതയുള്ള കന്യാസ്ത്രീ അമ്മയുടെ സംസ്കാരത്തിനു വന്നുചേരുവാൻ അങ്ങെ ആരു ക്ഷണിച്ചു? അദ്ദേഹം ഉത്തരമായിട്ട്, റൂഹാദക്കുദശാ എന്നെ ക്ഷണിക്കുകയും, "കണ്ടാലും! നിന്റെ അമ്മ അത്ഭുതകരമാംവണ്ണം സംസ്കരിക്കപ്പെടുന്നു"വെന്ന് എന്നോട് പറയുകയും ചെയ്തപ്പോൾ പറക്കുന്ന മിന്നൽപോലെ ഞാൻ വായുവിൽക്കൂടി ഗദസെമൻ വരെയും വന്നുവെന്ന് എന്നോടുപറഞ്ഞു." (സുറിയാനി കുർബ്ബാനക്രമം. പുറം. 101).

**വി. പത്രോസ് റോമ്മായിൽ വച്ചു രക്തസാക്ഷിമരണം പ്രാപിക്കുകയും കബറടങ്ങുകയും ചെയ്തുവെന്നുള്ളതിന് നിരവധി യാക്കോബായ രേഖകൾ തന്നെ ഉദ്ധരിപ്പാനുണ്ട്. അവയിൽ ഏതാനും മാത്രം താഴെച്ചേർക്കുന്നു.**

6) "പന്ത്രണ്ടുശ്ലീഹന്മാർ" എന്ന യാക്കോബ്യരുടേ പുസ്തകത്തിൽ ഇപ്രകാരം കാണുന്നു. "വിശുദ്ധപത്രോസ് അന്ത്യോഖ്യായിൽ ചെന്ന് ഏഴു സംവത്സരം താമസിച്ചു സഭയെ ഭരിച്ചു. അവിടെ വിശുദ്ധസിംഹാസനം ഉറപ്പിച്ചശേഷം എവുദ്യോസിനെ മേലദ്ധ്യക്ഷനായി നിയമിച്ചുകൊണ്ട് താൻ റോമ്മായിലേക്കു പോയി.. രണ്ടാമത്തലേഖനം റോമ്മായിൽ വച്ച് തന്റെ മരണത്തിനു അല്പം മുമ്പായി താൻ എഴുതി."

7) "പൂർവ്വിക സഭാപിതാക്കന്മാരും പൊതുസുന്നഹദോസുകളും" എന്നപേരിൽ ബ: പി. പി. യൌസേഫ് ശമ്മാശ്ശൻ അനേക സഭാപിതാക്കന്മാരുടെ കൃതികളിൽനിന്നും എടുത്ത രേഖകളോടുകൂടി പ്രസിദ്ധീകരിച്ചിട്ടുള്ളതും, യാക്കോബായ സണ്ടേസ്കൂൾ അദ്ധ്യാപകാദ്ധ്യേതാക്കൾക്കു പാഠ്യപുസ്തകമായി മേലദ്ധ്യക്ഷന്മാർ അംഗീകരിച്ചിട്ടുള്ളതുമായ പുസ്തകത്തിൽ നിന്നും ഏതാനും ഭാഗങ്ങൾ. "വി. പത്രോസ് അന്ത്യോഖ്യായിൽ സിംഹാസനം ഉറപ്പിച്ചശേഷം എവോദ്യോസിനെ മേലദ്ധ്യക്ഷനായി നിയമിച്ചുകൊണ്ട് റോമ്മായിൽ പോയതായും തന്റെ വേല അവിടെയും ഫലസിദ്ധി പ്രാപിച്ചതായും ക്ലീമീസിനെ അവിടത്തെ മേലദ്ധ്യക്ഷനായി നിയമിച്ചതായും പറച്ചിലുണ്ടു. ആസമയം വി. പൌലോസും റോമ്മായിൽ ഉണ്ടായിരുന്നു. (പുറം. 9). "മാർട്ടീൻ" എന്നു പേരുള്ളതായി വളരെ തണുപ്പും നികൃഷ്ടവുമായ ഒരു കാരാഗൃഹത്തിലാണ് പത്രോസിനെ ഇട്ടി

രുന്നതു......... പത്രോസിൻെറ ശ്മശാനസ്ഥലം വത്തിക്കാനാണെന്നത്രെ പറഞ്ഞുവരുന്നതു. ആ സ്ഥലത്തു (വത്തിക്കാനിൽ) കുസ്തന്തീനോസു രാജാവു് അതിരമണീയമായ ഒരു പള്ളിപണിയിച്ചു. (പുറം. 10).

8) സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം എഴുതിയ ഇട്ടൂപ്പ് റൈട്ടർ അവർകൾ തൻെറ സഭാചരിത്രത്തിൽ പത്രോസ് ശ്ലീഹായുടെ റോമ്മാഗമനത്തെയും മരണത്തേയും പററി ഇപ്രകാരം പ്രസ്താവിക്കുന്നു. ഈ സഭാചരിത്രത്തെ റോയൽകോർട്ട വിധിയിലും മററും ഒരു വിശിഷ്ട രേഖയായിട്ടാണ് പരിഗണിച്ചിട്ടുള്ളതു്. റോമ്മായിലുള്ള ക്രിസ്ത്യാനികളെ ചില ഇടത്തൂട്ടുകൾ പഠിപ്പിക്കുന്നു എന്നവർത്തമാനം കേട്ട് വി. പത്രോസു അവിടെയെത്തി....... അവിടെ തൽക്കാലമുണ്ടായ ഇടത്തൂടിനെ നീക്കി, യോലിനോസ് എപ്പിസ്കോപ്പായെ സഭകാര്യങ്ങളെ വിചാരിപ്പാൻ നിശ്ചയിച്ചു. അവിടെവെച്ചു് പൌലോസ് ശ്ലീഹായെപ്പോലെ തന്നെ ക്രിസ്താബ്ദം 64-ൽ മരണത്തിൻെറ കിരീടത്തെ പത്രോസ് ശ്ലീഹായും ഏററു" പുറം. 21).

പത്രോസിൻെറ പരമാധികാരത്തിനടുത്ത സിംഹാസനം റോമ്മായിൽ തന്നെയാണെന്നു സ്പഷ്ടമായി യാക്കോബായ പണ്ഡിതന്മാർ സമ്മതിച്ചിരിക്കുന്ന രേഖകളിൽ ചിലവ ചുവടേ ചേർക്കുന്നു.

9) മൂസലിലെ യാക്കോബായമെത്രാനായിരുന്ന മുശബർ കീപ്പോ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "കേപ്പാ അതായതു് പത്രോസെന്നു വിളിക്കപ്പെടുന്ന ശിമയോൻ ബർയോനാ ശ്ലീഹന്മാരുടെ പ്രഭു, റോമ്മായിലേക്കുപോയി. അവിടെ ഒരു സഭയെ സ്ഥാപിച്ചു. അതിനെ ശ്ലീഹന്മാരുടെ പ്രഭുവിൻെറ സിംഹാസനമാക്കുകയും അതിലിരുന്നു് ഇരുപത്തിയഞ്ചു് വഷത്തോളം ഭരണം നടത്തുകയും ചെയ്തു".

10) യാക്കോബായസഭയിലെ ഒരു വലിയ വേദശാസ്ത്രിയും പണ്ഡിതനുമായ ഗ്രിഗോറിയോസ് ബർ എബ്രായ തൻെറ വൈദിക നാളാഗമത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു. "അഗ്രിപ്പാസ് രാജാവിൻെറ വാഴ്ചയുടെ ഒന്നാമാണ്ടിൽ ഈഹൂദിയായിൽ വച്ചു യോഹന്നാൻ ഏവൻഗെലീസ്തായുടെ സഹോദരനായ സെബദി പുത്രൻ യാക്കോബിനെ കൊല്ലുകയും, എസ്തപ്പാനോസ് ശമ്മശ്ശാൻ കല്ലെറിഞ്ഞുകൊല്ലപ്പെടുകയും പത്രോസ് കാരാഗൃഹത്തിൽ ബന്ധിക്കപ്പെടുകയും ചെയ്തു. ദൈവത്തിൻെറ മാലാഖാ കാരാഗൃഹത്തിൽ നിന്നും പത്രോസിനെ പുറപ്പെടുവിച്ചശേഷം താൻ ഊർശ്ലേമിൽ നിന്നുംപുറപ്പെട്ടു് ശിഷ്യപ്പെടുത്തിക്കൊണ്ടു് രണ്ടുവർഷം വഴിയാ

ത്രയിൽ കഴിച്ചു. അനന്തരം അന്ത്യോക്യായിലേക്കു താൻ വന്നു. അവിടെ സഭയ്ക്കു് അടിസ്ഥാനം ഇടുകയും, മദ്ബഹാ സ്ഥാപിക്കുകയും, ഒന്നാമത്തേ എപ്പിസ്കോപ്പായായി ഔദിയാസിനെ അവിടെ നിയമിക്കുകയും ചെയ്തു. അവിടെനിന്നും റോമ്മായിലേക്കുപോയി. അവിടെ ഇരുപത്തഞ്ചുവർഷം താൻ എപ്പിസ്കോപ്പായായി.”

11) ഔദിയോസിനെക്കുറിച്ചു ടി. ഗ്രന്ഥകാരൻ വീണ്ടും പറയുന്നതു്. “ഔദിയോസ്, ഇവൻ അന്ത്യോക്യായിലെ ഒന്നാമത്തേ പാത്രിയർക്കീസായി വാണു. പത്രോസ് അവിടെ സഭ സ്ഥാപിച്ചുവെങ്കിലും താൻ അവിടെ ഭരിച്ചില്ല. ഔദിയോസിനെ പട്ടം കൊടുത്തു അവിടെ ആക്കി. താൻ റോമ്മായിലേ സിംഹാസനം ഭരിച്ചു”

ഇത്രമാത്രം തെളിവുകൾ യാക്കോബായ ഗ്രന്ഥങ്ങളിൽ തെളിഞ്ഞുകിടക്കുമ്പോൾ വി. പത്രോസ് റോമ്മായിൽ പോയിട്ടില്ലെന്നും അവിടെ സിംഹാസനം സ്ഥാപിച്ചിട്ടില്ലെന്നും വാദിക്കുന്നതിനു യാക്കോബ്യർ മുതിരുന്നതു വിസ്മയനീയം തന്നെ. ക്രൈസ്തവ സഭയുടെ പരമാധികാരി വി. പത്രോസാണെന്നും അദ്ദേഹത്തിന്റെ സിംഹാസനം റോമ്മായിൽ സ്ഥാപിച്ചു് അവിടെ കബറടങ്ങിയെന്നും യാക്കോബ്യറിക്കാർട്ടുകൾ സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു പ്രസ്തുത സിംഹാസനത്തിൽ തുടർച്ചയായി ഭരിക്കുന്ന പാത്രിയർക്കീസന്മാരായിരിക്കണം ക്രൈസ്തവ സഭയുടെ പരമാദ്ധ്യക്ഷന്മാരെന്നു് സത്യാന്വേഷികളും തങ്ങളുടെ റിക്കാർട്ടുകളെ സ്വീകരിക്കുന്നവരുമായ യഥാർത്ഥ യാക്കോബ്യർ സശിരഃകമ്പം സമ്മതിക്കുമെന്നാണു് എന്റെ ദൃഢമായ വിശ്വാസം.

# IV
# മാർപ്പാപ്പായുടെ ആധിപത്യവും യാക്കോബായസഭാറിക്കാർട്ടുകളും.

ക്രൈസ്തവസഭയുടെ പരമാധികാരിയായി വി. പത്രോസിനെ മിശിഹാ നിയമിച്ചെന്നും, വി. പത്രോസ് തന്റെ സിംഹാസനം റോമ്മായിലാണു സ്ഥാപിച്ചതെന്നും സമ്മതിച്ചു കഴിഞ്ഞാൽ, റോമ്മാസിംഹാസനത്തിൽ തുടർച്ചയായി വാണുകൊണ്ടിരിക്കുന്ന പാത്രിയർക്കീസന്മാരായിരിക്കണം സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷന്മാർ എന്ന വാദവും സ്വീകരിക്കാതിരിപ്പാൻ യാതൊരു നിവ്വാഹവുമില്ല. യാക്കോബായസഹോദരങ്ങൾക്കു മുൻപറഞ്ഞവ രണ്ടും ഒരുപ്രകാരത്തിലും നിഷേധിപ്പാൻ സാധിക്കുന്നതല്ലെന്നു് അവരുടെ റിക്കാട്ടുകൾമാത്രം ഉദ്ധരിച്ചുകൊണ്ടു ഞാൻ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ടല്ലോ. ആ സ്ഥിതിക്കു റോമ്മാപാത്രിയർക്കീസന്മാർ, അഥവാ, മാർപ്പാപ്പാമാർ ക്രൈസ്തവസഭയുടെ പരമാധികാരികളായിരിക്കണമെന്നു തങ്ങളുടെ റിക്കാട്ടുകളെ ആദരിക്കുന്ന യാക്കോബ്യർ നിസ്സംശയം സമ്മതിക്കേണ്ടതുതന്നെയാണ്.

പത്രോസിന്റെ കാലശേഷം റോമ്മാസിംഹാസനത്തിൽ വാണിരുന്ന പാത്രിയർക്കീസന്മാർ ക്രൈസ്തവസഭയുടെ പരമാധികാരികളായിരുന്നുവോ എന്ന ഒരു പ്രശ്നം ഇത്തരുണത്തിൽ ഉദിക്കുന്നു. ഒന്നാംശതകം മുതലുള്ള ക്രൈസ്തവസഭാചരിത്രം ഈ സത്യത്തെ എത്രയും സ്പഷ്ടമായി തെളിയിക്കുന്നു. വി. പത്രോസിന്റെ പിൻഗാമികൾ റോമ്മാമാർപ്പാപ്പാമാരാണെന്നും, സാർവ്വത്രികസഭയുടെ പരമാദ്ധ്യക്ഷന്മാർ അവരാണെന്നും വിശുദ്ധസഭാപിതാക്കന്മാർ മുക്തകണ്ഠം വിളിച്ചു പറയുന്നു. അവരെല്ലാം പ്രസ്തുതപരമാധികാരത്തെ സ്വീകരിച്ച് അതിനു കീഴ്പ്പെട്ടിരുന്നവരുമായിരുന്നു. ഇതരസിംഹാസനങ്ങളിന്മേൽ വാണിരുന്ന പാത്രിയർക്കീസന്മാരെല്ലാംതന്നെ റോമ്മാമാർപ്പാപ്പായുടെ ആധിപത്യത്തെ അംഗീകരിച്ചിരുന്നവരായിരുന്നു. ഓരോരോ കാലങ്ങളിൽ സഭയിൽനിന്നും വിച്ഛേദിക്കപ്പെട്ടവർകൂടെപ്പോലും ഈ സത്യത്തിനെതിരായി പരസ്യമായി വാദിക്കത്തക്ക ധൈര്യം ഉണ്ടായിട്ടില്ല.

എന്നാൽ പതിനാറാം നൂററാണ്ടിൽ ഉത്ഭവിച്ച പ്രോട്ടസ്റ്റാൻറുകാർ മാത്രമാണ് മാർപ്പാപ്പായുടെ പരമാധികാരത്തെ പാടെ പരസ്യമായി നിഷേധിച്ചു പ്രസംഗിക്കുന്നതിനും, പഠിപ്പിക്കുന്നതിനും, പ്രസ്തുത പരമാധികാരത്തിനനുകൂലമായ സകല ചരിത്ര രേഖകൾക്കും എതിരായി വ്യാജരേഖകളും ദുർവ്യാഖ്യാനങ്ങളും പ്രചരിപ്പിക്കുന്നതിനും മുതിർന്നതു്. ദൈവകൃപയാൽ ആധുനികകാലത്തെ സത്യാന്വേഷികളായ പ്രോട്ടസ്റ്റാൻറ് ചരിത്രകാരന്മാർ ക്രൈസ്തവസഭയുടെ ആദിമശതകം മുതലുള്ള പരമാധിപത്യം മാർപ്പാപ്പാമാർക്കായിരുന്നുവെന്നു സത്യത്താൽ പ്രേരിതരായി സമ്മതിച്ചു്, അതിനുവേണ്ടി നിരവധിരേഖകൾ ഉദ്ധരിച്ചു് ചരിത്രഗ്രന്ഥങ്ങൾ എഴുതിക്കൊണ്ടിരിക്കുന്നു. തൽഫലമായി സത്യാന്വേഷികളായ പ്രോട്ടസ്റ്റൻറുകാർ ആയിരക്കണക്കായി മാർപ്പാപ്പായുടെ ആധിപത്യത്തിനു കീഴ്വഴങ്ങി കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടുമിരിക്കുന്നു.

ഇത്തരുണത്തിൽ പ്രോട്ടസ്റ്റൻറുകാരുടെ പഴയ വാദങ്ങൾ പരിഭാഷപ്പെടുത്തി മാർപ്പാപ്പായുടെ പരമാധികാരത്തെ ധ്വംസിപ്പാനെന്നഭാവത്തിൽ "പാപ്പായുടെ ആധിപത്യം" എന്നപേരിൽ ഒരു പുസ്തകം ഈ അടുത്തകാലത്തു് ഈ കേരളക്കരയിലും പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളതു് സ്മർത്തവ്യമത്രെ. മാർപ്പാപ്പായുടെ ആധിപത്യം കള്ളറിക്കാർട്ടുകളിന്മേൽ മാത്രമാണ് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതെന്നു തെളിയിക്കുന്നതിന് നിരവധി വ്യാജരേഖകൾ അവതരിപ്പിച്ച പ്രസ്തുത ഗ്രന്ഥത്തിൻെറ കർത്താവായ മി. കെ. എൻ. ഡാനിയേൽ അനേകവാദപ്രതിവാദങ്ങൾ നടത്തി അവസാനം കത്തോലിക് പണ്ഡിതാഗ്രേസരന്മാരുടെ തൂലികാഗ്രങ്ങളാൽ മർദ്ദിക്കപ്പെട്ടു് പരസ്യമായി പലവട്ടം പരാജയമടഞ്ഞതു് വായനക്കാർ വിസ്മരിച്ചിരിക്കയില്ലല്ലോ. പ്രസ്തുതപുസ്തകപ്രസിദ്ധീകരണാനന്തരം ഈ കഴിഞ്ഞ ചുരുങ്ങിയ കാലത്തിനുള്ളിൽ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുമായി ലക്ഷക്കണക്കായും ഇക്കേരളക്കരയിൽനിന്നുതന്നെ മുപ്പതിനായിരത്തോളവും അകത്തോലിക്കർ "മാർപ്പാപ്പായുടെ ആധിപത്യ"ത്തിൻമുമ്പാകെ തങ്ങളുടെ മുട്ടുകളെ കുനിച്ചിട്ടുള്ളതോർക്കുമ്പോൾ 'പാപ്പാധിപത്യം' ദൈവദത്തമാണെന്നും അതിനെ തകർപ്പാൻ യാതൊരു മാനുഷിക ശക്തിക്കും സാധ്യമല്ലെന്നും അനുഭവത്തിൽനിന്നും സമ്മതിക്കാതെ ഗത്യന്തരമില്ല.

## സൂനഹദോസുകൾ.

റോമ്മാപാത്രിയർക്കീസിന്റെ പരമാധിപത്യത്തെ നിഷേധിക്കുന്ന യാക്കോബായ സഹോദരങ്ങൾ ക്രൈസ്തവസഭാചരിത്രം സസൂക്ഷ്മം വായിച്ചുനോക്കട്ടെ. ഇതഃപര്യന്തം നടന്നിട്ടുള്ള ഇരുപതു സാർവ്വത്രികസൂനഹദോസുകളുടെ ചരിത്രവും മാർപ്പാപ്പായുടെ ആധിപത്യത്തെ പ്രസ്പഷ്ടമാക്കുന്നു. ഇവയിൽ മൂന്നു സൂനഹദോസുകൾമാത്രം സ്വീകരിക്കുന്ന യാക്കോബ്യർ അവയുടെ ചരിത്രമെങ്കിലും നിഷ്പക്ഷബുദ്ധ്യാ പാരായണം ചെയ്യട്ടെ! പ്രസ്തുത സൂനഹദോസുകളിൽ സംബന്ധിച്ചിരുന്ന സകല ക്രൈസ്തവസഭാപിതാക്കന്മാരും റോമ്മാപാത്രിയർക്കീസന്മാരുടെ പരമാധിപത്യത്തെ ഐകകണ്ഠ്യേന സ്വീകരിച്ചിരുന്നുവെന്നുള്ളതു് നിർമ്മത്സരബുദ്ധികളായ സകല ചരിത്രകാരന്മാരും സമ്മതിക്കുന്ന വാസ്തവമത്രെ.

മിശിഹായുടെ ദൈവത്വത്തെ നിഷേധിച്ച ആരിയോസിന്റെ അബദ്ധോപദേശത്തെ ശപിക്കുന്നതിനായി മാർപ്പാപ്പായുടെ പ്രതിനിധിയായ ഓസിയോസ് മെത്രാന്റെ അദ്ധ്യക്ഷതയിലത്രെ പ്രഥമസൂനഹദോസ് നിഖ്യായിൽ സമ്മേളിച്ചതു്. പ്രസ്തുത സൂനഹദോസ് മിശിഹാ സത്യദൈവമാണെന്നു പരസ്യമായി പ്രഖ്യാപനം ചെയ്യുകയും ആരിയോസിനേയും അനുയായികളേയും ശപിക്കയും ചെയ്തു. വിശ്വാസപ്രമാണം രൂപവൽക്കരിക്കുക, ക്രിസ്തുവിന്റെ പുനരുത്ഥാനത്തിരുനാളിന്റെ തീയതി നിശ്ചയിക്കുക, ആദിയായ ക്രൈസ്തവസഭയെ പൊതുവെ ബാധിക്കുന്ന അനവധി സംഗതികൾ പ്രസ്തുത സൂനഹദോസിൽ വച്ചാണ് നിശ്ചയിക്കയുണ്ടായതു്. ഈ നിശ്ചയങ്ങൾക്കെല്ലാം ആദ്യമായി മാർപ്പാപ്പായുടെ പ്രതിനിധിയായ ഓസിയോസ് മെത്രാനാണ് ഒപ്പു് വയ്ക്കുന്നതു്. അനന്തരം മാർപ്പാപ്പായുടെ പ്രതിനിധികളായ രണ്ടുപട്ടക്കാർ ഒപ്പുവയ്ക്കുന്നു. പിന്നീടുമാത്രം അലക്സന്ത്രിയാ, അന്ത്യോഖ്യാ എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസന്മാരും അനന്തരം മെത്രാന്മാരാദിയായ സഭാപിതാക്കന്മാരും ഒപ്പുവയ്ക്കുന്നു. ഈ സംഗതി മാർപ്പാപ്പായുടെ പരമാധിപത്യത്തെയല്ലയോ അവിതർക്കിതമായി തെളിയിക്കുന്നതു്? അലക്സന്ത്രിയായിലെ യോഹന്നാൻ പാത്രിയർക്കീസും അന്ത്യോഖ്യായിലെ എവുസ്താത്തിസ് പാത്രിയർക്കീസും റോമാപാത്രിയർക്കീസിന്റെ പ്രതിനിധികളായ പട്ടക്കാർ ഒപ്പിട്ടതിനുശേഷംമാത്രം പ്രസ്തുത നിശ്ചയങ്ങൾക്കു ഒപ്പു് വയ്ക്കുന്നതു്, മാർപ്പാപ്പായുടെ ആധിപത്യത്തിനു

ആ സിംഹാസനങ്ങൾ കീഴ്പെട്ടിരുന്നു എന്ന സത്യത്തെയല്ലയോ വിളിച്ചു പറയുന്നതു്? ഈ സൂനഹദോസിൽ സമ്മേളിച്ചിരുന്ന മെത്രാന്മാരായിരുന്ന ൧൫൦ — പിതാക്കന്മാരിൽ ആരും തന്നെ ഇതിനെതിരായി ഒരൊററശബ്ദംപോലും ഉച്ചരിച്ചില്ലെന്നു മാത്രമല്ല മാർപ്പാപ്പായുടെ പ്രതിനിധികൾ ആദ്യമായി ഒപ്പിട്ടതിനു അവരെല്ലാം അനുവദിക്കുകകൂടി ചെയ്തതിൽനിന്നും റോമ്മാപാത്രിയർക്കീസിന്റെ പരമാധികാരത്തിൽ അവർ ദൃഢമായി വിശ്വസിച്ചിരുന്നുവെന്നു് അനിഷേധ്യമായി തെളിയുന്നു.

ഇനിയും രണ്ടാമത്തെ സാർവ്വത്രികസൂനഹദോസിന്റെ ചരിത്രത്തിലേക്കു് പ്രവേശിക്കുന്നപക്ഷം അവിടെയും മാർപ്പാപ്പായുടെ പരമാധിപത്യം തെളിഞ്ഞു പ്രകാശിക്കുന്നതായിക്കാണാം. ക്രിസ്താബ്ദം ൩൮൧-ൽ ൧൫൦ പിതാക്കന്മാരാണ് കുസ്തന്തിനോപ്പോലീസിൽ സമ്മേളിച്ചതു്. പ്രസ്തുത സൂനഹദോസിൽ കുസ്തന്തിനോപോലീസ്, അലക്സാന്ത്രിയാ, അന്ത്യോഖ്യാ ഓർശ്ലേം എന്നീ സിംഹാസനങ്ങളിലെ പാത്രിയർക്കീസന്മാരും സന്നിഹിതരായിരുന്നു. ദ്വിതീയസ്ഥാനലബ്ധിക്കുവേണ്ടി അലക്സാന്ത്രിയായിലെയും കുസ്തന്തിനോപോലീസിലെയും പാത്രിയർക്കീസന്മാർ തമ്മിൽ ശക്തിയായ വാദപ്രതിവാദം നടക്കുന്നു. അന്ത്യോഖ്യാസിംഹാസനവും അലക്സാന്ത്രിയായോടു യോജിച്ചുകൊണ്ടു് കുസ്തന്തിനോപോലീസിന്റെ ദ്വിതീയസ്ഥാനലബ്ധിക്കായുള്ള വാദത്തെ എതിർക്കുന്നു. പ്രസ്തുത സൂനഹദോസിലെ പിതാക്കന്മാരും ഈ വാദത്തിൽ ഭാഗഭാക്കുകളാകുന്നുണ്ടെങ്കിലും റോമ്മായുടെ പ്രഥമസ്ഥാനത്തിനെതിരായി ഒരൊററവാക്കുപോലും അവിടെ ഉച്ചരിക്കുന്നതായിക്കാണുന്നില്ല. സൂനഹദോസിൽ സംബന്ധിച്ചിരുന്ന പാത്രിയർക്കീസന്മാരും മററു സകലപിതാക്കന്മാരും റോമ്മാസിംഹാസനത്തിന്റെ പരമാധിപത്യത്തെ സശിരഃകമ്പം സമ്മതിച്ചിരുന്നതായിട്ടല്ലയോ ഇതും തെളിയിക്കുന്നതു്? കുസ്തന്തിനോപോലീസിലെ സൂനഹദോസിനെ സാർവ്വത്രികസൂനഹദോസായി ഏററു പറയുന്ന യാക്കോബായർ അതിൽ സംബന്ധിച്ചിരുന്ന പിതാക്കന്മാർ ഒന്നടങ്കം സ്വീകരിച്ചിരുന്ന റോമ്മാപാത്രിയർക്കീസിന്റെ പരമാധികാരത്തിനു കീഴ്പെടുന്നില്ലെന്നു മാത്രമല്ല അതിനെതിരായി വാദിക്കുന്നതിനുപോലും സന്നദ്ധരായിക്കാണപ്പെടുന്നതു് അത്ഭുതാവഹം തന്നെ.

ക്രിസ്താബ്ദം ൪൩൧-ൽ എഫേസൂസിൽകൂടിയ തൃതീയ

സാർവ്വത്രികസൂനഹദോസിൽനിന്നും മാർപ്പാപ്പായുടെ ആധിപത്യം സ്പഷ്ടമായി തെളിയിക്കാം. റോമ്മാമാർപ്പാപ്പായുടെ ആജ്ഞാനുസരണം അലക്സാന്ത്രിയാപാത്രിയർക്കീസായ വി. കൂറിലോസാണ് പ്രസ്തുത സൂനഹദോസിൻെറ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്നതു്. അന്ത്യോഖ്യായിലെ യോഹന്നാൻ, ഒർശ്ലേമിലെ യുവനാലിസ് എന്നീ പാത്രിയർക്കീസന്മാരും മററുമെത്രാന്മാരുമായി ൨൦൦-ൽപരം പിതാക്കന്മാർ ഇതിൽ സംബന്ധിക്കുകയുണ്ടായി. പ്രസ്തുത സൂനഹദോസ്, പരിശുദ്ധ കന്യകയുടെ ദൈവമാതൃത്വത്തെ നിഷേധിച്ച നെസ്തോറിനേയും അനുയായികളേയും സഭയിൽനിന്നും ശപിച്ച് ബഹിഷ്ക്കരിക്കുകയും പരിശുദ്ധ കന്യക ദൈവമാതാവാണെന്നുള്ള സത്യം പരസ്യമായി പ്രഖ്യാപനം ചെയ്യുകയുംചെയ്തു. സൂനഹദോസു നിശ്ചയങ്ങൾക്കു മാർപ്പാപ്പായുടെ ആജ്ഞാനുസരണം ആദ്ധ്യക്ഷം വഹിച്ച വി. കൂറിലോസ്തന്നെ ആദ്യമായി ഒപ്പുവയ്ക്കുന്നു. അനന്തരം മാർപ്പാപ്പായുടെ പ്രതിനിധിയായ ഒരു പട്ടക്കാരനാണ് ഒപ്പുവെയ്ക്കുന്നതു്. പിന്നീടുമാത്രം അന്ത്യോഖ്യായിലേയും ഒർശ്ലേമിലേയും പാത്രിയർക്കീസന്മാരും അനന്തരം മററു പിതാക്കന്മാരും പ്രസ്തുത നിശ്ചയങ്ങൾക്കു ഒപ്പിടുന്നു. മെത്രാന്മാരെന്നല്ല പാത്രിയർക്കീസന്മാർപോലും ഒപ്പിടുന്നതിനുമുമ്പ് സാർവ്വത്രികസൂനഹദോസ് നിശ്ചയങ്ങൾക്കു ഒപ്പിടുന്നതിനുള്ള അധികാരവും അവകാശവും കേവലം പട്ടക്കാരനായിരുന്ന ഒരാൾക്കു ലഭിച്ചതു എന്തുകൊണ്ടാണെന്നു് നിഷ്പക്ഷവാദികൾ ചിന്തിക്കട്ടെ! റോമ്മാപാത്രിയർക്കീസിൻെറ ആധിപത്യത്തെ പ്രസ്തുത സൂനഹദോസിൽ കൂടിയ സകല പിതാക്കന്മാരും ഒന്നടങ്കം സ്വീകരിച്ചിരുന്നതുകൊണ്ടല്ലയോ അദ്ദേഹത്തിൻെറ പ്രതിനിധിയായ പട്ടക്കാരനെ ഇതിനനുവദിച്ചതു്?

അനന്തരകാലങ്ങളിൽ നടന്നിട്ടുള്ള എല്ലാസാർവ്വത്രികസൂനഹദോസുകളും ഈ സത്യംത്ത ശക്തിയുക്തം തെളിയിക്കുന്നു. എന്നാൽ നാലാം സൂനഹദോസിൽവച്ച് മുടക്കപ്പെട്ടതുമൂലം മൂന്നു സൂനഹദോസുകൾ മാത്രം സ്വീകരിക്കുന്ന യാക്കോബായർക്കു ആ സൂനഹദോസുകളിലെ തെളിവുകൾ മാത്രമേ സ്വീകാര്യങ്ങളാകയുള്ളുവല്ലോ. നിക്യായിലും, കുസ്തന്തിനോപോലീസിലും എഫേസോസിലുംകൂടിയ മൂന്നു സൂനഹദോസുകളെ ക്രൈസ്തവ സഭയുടെ സാർവ്വത്രിക സൂനഹദോസുകളായി പരിഗണിക്കുകയും അതിനെ വിശുദ്ധ കുർബാന സമയത്തിൽ

ത്തുബേദനിൽ വിളിച്ചു പറയുകയും ചെയ്യുന്ന യാക്കോബായ സഹോദരരേ! നിങ്ങൾ ആ മൂന്നു സൂന്നഹദോസുകളുടെ ചരിത്രവും നിർമ്മത്സരബുദ്ധ്യാ പരിശോധിപ്പിൻ! ആ ഓരോ സൂന്നഹദോസും മാർപ്പാപ്പായുടെ പരമാധികാരത്തെയല്ലയോ സ്പഷ്ടമായി സ്ഥാപിക്കുന്നതു്! പ്രസ്തുത സൂന്നഹദോസുകളിൽ സംബന്ധിച്ചിരുന്ന പിതാക്കന്മാരുടെ പിന്നടിയിൽ നടക്കുന്നതിനു വേണ്ട കൃപകൾക്കായി യാചിക്കുന്ന നിങ്ങൾ, ആ പിതാക്കന്മാർ ഐകകണ്ഠ്യേന സമ്മതിച്ചിരുന്ന റോമ്മാ പാത്രിയക്കീസിന്റെ പരമാധികാരത്തിന് കീഴ്വഴങ്ങിയാണോ ജീവിക്കുന്നതു എന്നു ഗാഢമായി ചിന്തിപ്പിൻ!

യാക്കോബ്യർ വിശുദ്ധരായി പരിഗണിക്കുന്നവരും, ക്രൈസ്തവസഭയുടെ ആദിമശതകങ്ങളിൽ ജീവിച്ചിരുന്ന പണ്ഡിതാഗ്രേസരന്മാരുമായിരുന്ന നിരവധി പിതാക്കന്മാർ റോമ്മാ പാത്രിയാക്കീസിന്റെ പരമാധികാരത്തിനു കീഴ്വഴങ്ങിയിരുന്നവരായിരുന്നു. തന്നെയുമല്ല, അവരുടെ കൃതികളിൽനിന്നെല്ലാം മാർപ്പാപ്പായുടെ ആധിപത്യത്തെ തെളിയിക്കുന്ന ഒട്ടനേക രേഖകൾ ഉദ്ധരിപ്പാനുണ്ടു്. പക്ഷേ, വിസ്തരഭയം നിമിത്തം അവയിൽ ഒന്നുപോലും ഞാൻ ഇവിടെ ഉദ്ധരിക്കുന്നില്ല. കൂടാതെ, ക്രൈസ്തവലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നുമായി റോമ്മാ മാർപ്പാപ്പായുടെ അടുക്കലേക്കു അയക്കപ്പെട്ടിട്ടുള്ള ഒട്ടനേകം അപ്പീലുകളും അവിടുത്തെ പരമാധികാരത്തെ തെളിയിക്കുന്നു. പാത്രിയർക്കീസന്മാരെല്ലാം സമാധികാരികളായിരുന്നുവെങ്കിൽ ഇതരപാത്രിയർക്കീസന്മാരുടെ ഭരണസീമയിൽ ഉൾപ്പെട്ടിരുന്ന അനേക മെത്രാന്മാരും വൈദികരും റോമ്മാപാത്രിയർക്കീസിനെ ഈ സംഗതിയിൽ അഭയം പ്രാപിക്കയില്ലായിരുന്നുവെന്നതു നിസ്തർക്കംതന്നെ. സഭാഭരണം സംബന്ധിച്ചുള്ള കേസ്സുകളിൽ അവസാനവിധി പറയുന്നതിനുള്ള പരമാധികാരം റോമ്മാപാത്രിയാർക്കീസിനാണെന്നുള്ള ദൃഢമായ വിശ്വാസം കൊണ്ടല്ലയോ ഇപ്രകാരം ചെയ്യുന്നതിന് അവർ ധൈര്യപ്പെട്ടതു്?

## ഹൂദായകാനോൻ.

സാർവത്രിക സൂന്നഹദോസുകൾ, പൂർവിക സഭാപിതാക്കന്മാരുടെ സാക്ഷ്യങ്ങൾ, അപ്പീലുകൾ, ആദിയായവ മാത്രമല്ല, യാക്കോബായസഭയുടെ കാനോനും മാർപ്പാപ്പായുടെ പരമാധി

കാരണത്തെ സ്പഷ്ടമായി തെളിയിക്കുന്നു. യാക്കോബായസഭയിലെ ഒരു മഹാപണ്ഡിതനായ ബാർഎബ്രായ നിരവധിസുന്നഹദോസ് നിശ്ചയങ്ങളിൽ നിന്നും, പിതാക്കന്മാരുടെ സാക്ഷ്യങ്ങളിൽ നിന്നും സംഗ്രഹിച്ചു രൂപവൽകരിച്ചിട്ടുള്ളതത്രെ ഹൂദായകാനോൻ. തങ്ങളുടെ കാനോനായിൽ യാക്കോബ്യർ ഇതിനെ സ്വീകരിച്ചിട്ടുള്ളതും, യാക്കോബ്യരും നവീകൃതരുമായുണ്ടായ ഈ കഴിഞ്ഞ സെമ്മിനാരിക്കേസ്സിൽ തങ്ങളുടെ ഒരു പ്രധാനരേഖയായി ഇരുഭാഗത്തുനിന്നും ഈ ഗ്രന്ഥം കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്. പ്രസ്തുതകാനോൻ ഏഴാം കെപ്പാലയോൻ ഒന്നാം പാസോക്കായുടെ ആദ്യഭാഗത്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഭൂലോകത്തിന്റെ നാലുഭാഗങ്ങൾക്കൊപ്പിച്ചു നാലുപാത്രിയർക്കീസന്മാരുണ്ടായിരിക്കണം. അവരിൽ എല്ലാവരുടേയും തലവൻ (റീശ്ശ്പാത്രിയർക്കീസ്) റോമ്മിൽ ഇരിക്കുന്ന ദേഹമായിരിക്കണം."

പാത്രിയർക്കീസന്മാരുടെ തലവൻ റോമ്മാപാത്രിയർക്കീസായിരിക്കണമെന്നു തങ്ങളുടെ കാനോനിൽ സ്പഷ്ടമായി കല്പിക്കപ്പെട്ടിരിക്കുമ്പോൾ പാത്രിയർക്കീസന്മാരെല്ലാം അധികാരത്തിൽ സമന്മാരാണെന്നു വാദിക്കുകയും റീശ്ശുപാത്രിയർക്കീസിന്റെ പരമാധികാരത്തെ നിഷേധിച്ചു അന്ത്യോഖ്യാ യാക്കോബായ പാത്രിയർക്കീസിന്റെ ആധിപത്യത്തിനു കീഴ്പ്പെടുകയും ചെയ്യുന്ന യാക്കോബായ സഹോദരന്മാർ തങ്ങളുടെ കാനോൻ കല്പനയെ തൃണവൽഗണിക്കുന്നുവെന്നതു നിർവിവാദമാണല്ലോ. 'ഹൂദായകാനോൻ' തങ്ങളുടെ കാനോനല്ലെന്നോ, പ്രസ്തുതകാനോനിൽ ഇപ്രകാരം കല്പിക്കപ്പെട്ടിട്ടില്ലെന്നോ വാദിക്കുന്നതിന് നിവൃത്തിയില്ലെന്നു മനസ്സിലാക്കി യാക്കോബായസഭയിലെ സുറിയാനിഭാഷാവിദഗ്ദ്ധരെന്ന് അഭിമാനിക്കുന്നചില വൈദികർ ഈയിടെയായി ഒരു പുതിയവാദം ആവിർഭവപ്പിച്ചിട്ടുണ്ടു. 'റീശോ' എന്ന സുറിയാനിപ്പദത്തിനു 'തല' എന്നർത്ഥം മാത്രമല്ല ഉള്ളതെന്നും, വൃക്ഷത്തിന്റെ ശിഖരത്തിനും വടിയുടെ അറ്റത്തിനും ഈ പദം ഉപയോഗിക്കാവുന്നതാണെന്നും തൻമൂലം റീശ്ശ്പാത്രിയർക്കീസിനു പാത്രിയർക്കീസന്മാരുടെ തലവനെന്നല്ല, പ്രത്യുത, പാത്രിയർക്കീസന്മാരിൽ പ്രധാനിയെന്നോ മൂപ്പനെന്നോ ഉള്ള അർത്ഥംമാത്രമേ കൊടുക്കുവാൻ പാടുള്ളു എന്നുമത്രെ ഇവരുടെ വാദം. 'റീശ്ശ്പാത്രിയർക്കീസ്' എന്നവാക്കിനുള്ള സാക്ഷാൽ അർത്ഥം എന്തെന്നുള്ളതു് സുറിയാനിഭാഷാപണ്ഡിതന്മാർ തന്നെ വിധിക്കേ

ണ്ടതാണ്. ഏതായാലും ഈയുള്ളവന്റെ അറിവിൽപ്പെട്ടിടത്തോളം ഈ പദത്തിന്നു എന്തർത്ഥമാണ് കൊടുക്കേണ്ടതെന്നുള്ള പ്രശ്നത്തിന്നുത്തരം പറയുന്നതിനുമാത്രമേ ഞാൻ ഇവിടെ ഉദ്ദേശിക്കുന്നുള്ളു.

റീശ്ശുപാത്രിയർക്കീസായ റോമ്മാപാത്രിയർക്കീസിനെ തങ്ങളുടെ വ്യാഖ്യാനപ്രകാരം പാത്രിയർക്കീസന്മാരുടെ പ്രധാനിയായിട്ടെങ്കിലും പരിഗണിപ്പാൻ ഇവർ സന്നദ്ധരാണോ എന്ന ചോദ്യത്തിന്നുത്തരം പറയേണ്ടതായിവരുമ്പോൾ ഈ വാദികളുടെ നില എന്തായിരിക്കുമെന്നുള്ളതു കണ്ടുതന്നെ അറിയേണ്ടതാണു. വൃക്ഷത്തിന്റെ ഉയർന്നഭാഗത്തിനും, വടിയുടെ മുകളിലത്തെ അററത്തിനും 'റീശോ എന്ന' പദം ഉപയോഗിക്കാവുന്നതാണെന്നുള്ളതിന്നു തർക്കമില്ല. അതും ഏററം ഉയർന്നഭാഗത്തിനല്ലാതെ ഈ പദം ഉപയോഗിക്കപ്പെടുവാൻ പാടില്ലതാനും. എന്നാൽ അധികാരസ്ഥാനത്തെ ഉദ്ദേശിച്ച പ്രയോഗിക്കപ്പെടുമ്പോൾ എന്തർത്ഥമാണ് ഈ പദത്തിന്നു കൊടുക്കേണ്ടതെന്നാണ് ഇവിടത്തെ വാദം. സുറിയാനിഭാഷയിൽ തലവൻ എന്ന അർത്ഥത്തിലല്ലാതെ പ്രധാനിയെന്നോ മൂപ്പൻ എന്നോ ഉള്ള അർത്ഥത്തിൽ ഒരുസ്ഥലത്തും ഈ പദം അധികാരസ്ഥാനത്തിൽ പ്രയോഗിച്ചിട്ടുള്ളതായിക്കാണുന്നില്ല. അവൻ സഭയെന്ന ശരീരത്തിന്റെ തലയുമാകുന്നു. (കൊലോസി. ൧. ൧൮). ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ. (എഫേ. ൪. ൧൫). ക്രിസ്തുശരീരത്തിന്റെ രക്ഷിതാവായി സഭക്കു തലയാകുന്നതുപോലെ (എഫേ. ൫. ൨൩). എന്നീസ്ഥലങ്ങളിലെല്ലാം 'റീശോ' എന്നപദമത്രെ തല എന്ന അർത്ഥത്തിൽ സുറിയാനി വേദപുസ്തകത്തിൽ ഉപയോഗിച്ചിട്ടുള്ളതു്. ആ സ്ഥിതിക്കു് ഇവരുടെ വാദം ശരിയെങ്കിൽ ക്രിസ്തു, സഭയുടെമേൽ യാതൊരു അധികാരവുമില്ലാത്ത പ്രധാനിമാത്രമാണെന്നും അവിടുന്നു സഭയുടെ തലവനല്ലെന്നും നിശ്ചയമായി വാദിക്കേണ്ടിവരും. അതബദ്ധമാകയാൽ 'റീശോ' എന്ന പദം പരമാധികാരത്തെയാണു അർത്ഥമാക്കുന്നതു എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

തന്നെയുമല്ല വൈദികാധികാരസ്ഥാനത്തെക്കുറിച്ച് പ്രയോഗിക്കുമ്പോൾ ഈ പദത്തിന്നുള്ള അർത്ഥ വിവക്ഷ എന്താണെന്നു പരിശോധിക്കാം. 'കഹനോ' എന്ന സുറിയാനിപ്പദത്തിന്നു പട്ടക്കാരൻ എന്നാണർത്ഥം. 'റീശ്ശ് കഹനോ' എന്നാൽ പ

ട്ടക്കാരിൽ മുഖ്യൻ എന്നോ പ്രധാനപട്ടക്കാരൻ എന്നോ അല്ല അൎത്ഥം. പ്രത്യുത, പട്ടക്കാരെ അഭിഷേചിക്കാനും, ഭരിക്കാനും, മുടക്കാനും പരിപൂൎണ്ണാധികാരമുള്ള മെത്രാൻ എന്നാണൎത്ഥം. 'എപ്പിസ്കോപ്പാ' എന്നുപറഞ്ഞാൽ മെത്രാൻ എന്നാണൎത്ഥം. എന്നാൽ 'റീശ് എപ്പിസ്കോപ്പാ' എന്നാൽ എപ്പിസ്കോപ്പാമാരിൽ പ്രധാനി എന്നോ മെത്രാപ്പോലിത്താ എന്നോ അല്ല അൎത്ഥം. പിന്നയോ, മെത്രാന്മാരെ വാഴിക്കാനും, ഭരിക്കാനും മുടക്കാനും അധികാരമുള്ള പാത്രിയൎക്കീസെന്നാണൎത്ഥം. അതുകൊണ്ടു 'റീശ് പാത്രിയൎക്കീസ്' എന്നതിനു പാത്രിയൎക്കീസന്മാരുടെ പ്രധാനിയെന്നല്ല അൎത്ഥമെന്നും, പാത്രിയൎക്കീസന്മാരുടെ മേൽ അധികാരമുള്ള തലവൻ എന്ന അൎത്ഥം മാത്രമേ പ്രസ്തുതപദത്തിനു കൊടുക്കുവാൻ പാടുള്ളുവെന്നും നിൎമ്മത്സരബുദ്ധികൾക്കു സമ്മതിക്കാതിരിപ്പാൻ നിവൃത്തിയില്ല. കാനോനികഭാഷയിൽ അധികാരസ്ഥാനത്തെപ്പറ്റി 'റീശോ' എന്ന പദം പ്രയോഗിക്കുമ്പോൾ അതിനു മുഖ്യൻ എന്നോ പ്രധാനിയെന്നോ ഉള്ള അൎത്ഥമാണു കൊടുക്കേണ്ടതെന്നു സുറിയാനിഭാഷാഗന്ധമുള്ള ഒരുവൻപോലും അഭിപ്രായപ്പെടുകയില്ല. അതിനാൽ റോമ്മാപാത്രിയൎക്കീസ് പാത്രിയൎക്കീസന്മാരുടെ മേൽ സൎവ്വാധികാരമുള്ള തലവനായിരിക്കണമെന്ന തങ്ങളുടെ കാനോൻ കല്പനയെ സശിരഃകമ്പം സമ്മതിച്ചു 'റീശ് പാത്രിയൎക്കീസി'ന്റെ പരമാധികാരത്തിനു യാതൊരു വിസമ്മതവും കൂടാതെ കീഴ്പ്പഴങ്ങുന്നതിനു യഥാൎത്ഥയാക്കോബ്യർ ഇനിയുമെങ്കിലും സന്നദ്ധത പ്രദൎശിപ്പിക്കുമോ? സഭാസ്ഥാപകനായ മിശിഹായുടെ ദൃശ്യനായ പ്രതിനിധി അദ്ദേഹമത്രെ. തിരുസ്സഭയുടെ പ്രഥമപരമാധികാരിയായ വി. പത്രോസിന്റെ യഥാൎത്ഥപിൻഗാമി അദ്ദേഹമത്രെ. തിരുസ്സഭാതൊഴുത്തിന്റെ ഇടയനും അവിടുന്നു മാത്രമത്രെ. ക്രൈസ്തവലോകത്തിന്റെ പരമാധികാരിയും അദ്ദേഹമത്രെ. ഹൂദായകാനോനിലെ 'റീശ് പാത്രിയൎക്കീസ്'ായ റോമ്മാപാത്രിയൎക്കീസും അദ്ദേഹമത്രെ.

## ഉപസംഹാരം.

വിശുദ്ധ പത്രോസിന്റെ പരമാധികാരം, അദ്ദേഹത്തിന്റെ റോമ്മാസിംഹാസനം, മാൎപ്പാപ്പായുടെ ആധിപത്യം എന്നിവ ഓരോന്നിനും നിരവധി യാക്കോബായ റിക്കാൎട്ടുകൾ ഈ ലഘുകൃതിയിൽ ഞാൻ ഉദ്ധരിക്കുകയും, നിഷ്പക്ഷവാദികളും, നിൎമ്മത്സരബുദ്ധികളും, തങ്ങളുടെ റിക്കാൎട്ടുകളെ സമ്മതിക്കുന്ന

വരുമായ യഥാൎത്ഥ യാക്കോബ്യൎക്കു ഒരു പ്രകാരവും ഈ സംഗതികൾ നിഷേധിപ്പാൻ സാധിക്കുന്നതല്ലെന്നു് സവിസ്തരം തെളിയിക്കയും ചെയ്തിരുന്നുവല്ലോ. ഇവക്കെതിരായുള്ള യാക്കോബായസഭയുടെ ആധുനികോപദേശങ്ങൾ ബാഹ്യകാരണങ്ങളെ മാത്രം ആസ്പദമാക്കിയാണെന്നും, യാക്കോബായവിശ്വാസങ്ങൾ അവയൊന്നുമല്ലെന്നും സത്യാന്വേഷികളായ എന്റെ വായനക്കാൎക്കു് ബോധപ്പെട്ടിട്ടുണ്ടെന്നാണു എന്റെ ബലമായവിശ്വാസം. ഓരോവിഷയത്തിനും വേണ്ടി ഞാൻ തെളിവുകൾ എടുത്തിട്ടുള്ള പുസ്തകങ്ങൾ യാക്കോബായസഭ സ്വീകരിക്കുന്നതല്ലെന്നോ, പ്രസ്തുതപുസ്തകങ്ങളിൽ ഞാൻ എടുത്തിട്ടുള്ള സാക്ഷ്യങ്ങൾ ഇല്ലെന്നോ, അഥവാ, പ്രസ്തുത വാചകങ്ങൾ മററുവിധത്തിൽ വ്യാഖ്യാനിക്കപ്പെടാമെന്നോ യാതൊരു യാക്കോബ്യനും വാദിപ്പാൻ സാധിക്കുന്നതല്ല. അതിനാൽ തങ്ങളുടെ റിക്കാൎട്ടുകളാൽ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്ന ക്രൈസ്തവസഭയുടെ പരമാധികാരിയായ വി. പത്രോസിന്റെ പിൻഗാമിയായ റോമിലെ റീശ് പാത്രിയർക്കീസിന്റെ അധികാരത്തിനു യാതൊരു വിസമ്മതവും കൂടാതെ യാക്കോബായ സഹോദരന്മാർ കീഴ്പെടട്ടെ! "കാതോലിക്കായും ശ്ലീഹായുമടുത്ത ഏകവിശുദ്ധസഭ"യുടെ മടിയിൽ ഈ സഹോദരർ അഭയം പ്രാപിക്കട്ടെ! ക്രിസ്തുവിന്റെ തൊഴുത്തിൽനിന്നും തെററി യഥാൎത്ഥ സമാധാനമില്ലാതെ വലയുന്ന യാക്കോബായ സഭാംഗങ്ങൾ സാക്ഷാൽ ആനന്ദവും ആത്മീയനിൎവൃതിയും കണ്ടെത്തട്ടെ! അപ്രകാരം ക്രിസ്തുവിന്റെ രക്തം ചിന്തിയ സഭാവൃക്ഷത്തിന്റെ അടിയിൽ നിന്നും വിച്ഛേദിക്കപ്പെട്ട ആ ശാഖ തിരുസ്സഭാതരുവിനോടു യോജിക്കട്ടെ! അങ്ങനെ ഒരു ദൈവം, ഒരു രക്ഷിതാവു്, ഒരു ശുദ്ധാത്മാവു്, ഒരു സഭ, ഒരു സ്വൎഗ്ഗം, ഒരു നരകം, ഒരു വിശ്വാസം, ഒരു പ്രത്യാശ, ഒരിടയൻ, ഒരാട്ടിൻകൂട്ടം, ഒരു പ്രമാണം എന്നിവയുള്ളവരായി ഏകസ്നേഹത്തിൽ സഹോദരർ വൎത്തിക്കുമാറാകട്ടെ! അതിനു സഭാസ്ഥാപകനായ മിശിഹാ സൎവ്വകൃപകളും ഇവരുടെ മേൽ വൎഷിക്കട്ടെ!.

---

NIHIL OBSTAT. Fr. John Joseph, O. C. D.
IMPRIMATUR. † Joseph Attipatti.
*Ernakulam, 15-1-'35.* *Archiep. Verap.*

---

Printed and published by Br. James for the 'League',
Mangalapuzha Seminary, Alwaye P. O.

Registered No. T. 123.

DC Archives
*00041134*
J71 M35

### «FAITH AND

The «S. H. League» opens a new series of *Apologetics* in English in the form of periodical pamphlets with the double purpose of fortifying Catholics in their divine faith and enlightening the non-catholics on doctrines of faith and reason.

At no time in the history of India was so keenly felt the need of such publications as at the present day when more than eighty printing-machines in this country are busy manufacturing poisonous gas of atheism and irreligiosity and spreading it far and wide in this religious country of ours. These hellish productions, even unknowingly, are corroding the very marrow of our youth, especially the educated, who seem to pay very little attention to the stuff of their daily reading.

The series of the new publications will present the readers with views and doctrines of paramount importance concerning religion, faith, science, and history. Concise treatises on ethics and sociology will not be lost sight of. Catholic principles will be set forth and the chief objections against them briefly expounded. The treatises will be of a simple and easy character avoiding as far as possible all metaphysical subtleties. The series will appear under the title of «Faith and Reason» from the pen of Rev. Fr. Ildephonse, O. C. D., Professor of Holy Scripture in St. Joseph's Apostolic Seminary, Alwaye.

We invite the whole-hearted co-operation and encouragement from all interested in this work of true Catholic action. Price per pamphlet containing from 30 to 32 pages crown size will be only 1 anna, 3 pies (postage extra).

Director, S. H. League.